# 2 കൊരിന്ത്യർ

1 ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിൻെറ
അപ്പൊസ്തലനായ പൗലൊസും സഹോ
ദരനായ തിമൊഥെയോസും,
കൊരിന്തിലുള്ള ദൈവസഭയ്ക്കും അഖാ
യയിൽ എല്ലായിടത്തുമുള്ള സകല വിശുദ്ധർക്കും
എഴുതുന്നത്:
2നമ്മുടെ പിതാവായ ദൈവത്തിൽനിന്നും
കർത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങൾ
ക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

*സകല ആശ്വാസത്തിൻെറയും ദൈവം*

3മനസ്സലിവുള്ള പിതാവും സർവ്വ ആശ്വാ
സത്തിൻെറയും ദൈവവുമായി നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിൻെറ പിതാവായ ദൈവം
വാഴ്ത്തപ്പെട്ടവൻ! 4ഞങ്ങളുടെ സകല
കഷ്ടതകളിലും അവിടുന്നു ഞങ്ങളെ ആശ്വസി
പ്പിക്കുന്നു; അങ്ങനെ ദൈവത്തിൽനിന്നു ലഭിച്ചി
രിക്കുന്ന ആശ്വാസത്താൽ, ഏതു കഷ്ടതയി
ലും ആയിരിക്കുന്നവരെ സഹായിപ്പാൻ ഞങ്ങൾ
പ്രാപ്തരായിരിക്കുന്നു. 5ക്രിസ്തുവിൻെറ
കഷ്ടതകൾ ഞങ്ങളിൽ വർദ്ധി
ക്കുന്നതുപോലെതന്നേ ക്രിസ്തുവിലൂടെ ലഭി
ക്കുന്ന ആശ്വാസത്തിലും ഞങ്ങൾ സമൃദ്ധിയു
ള്ളവരായിത്തീരുന്നു. 6ഞങ്ങൾ ഉപദ്രവം സഹി
ക്കുന്നുവെങ്കിൽ അതു നിങ്ങളുടെ ആശ്വാ
സത്തിനും രക്ഷയ്ക്കും വേണ്ടിയാണ്; ഞങ്ങൾ
ക്ക് ആശ്വാസം ലഭിക്കുന്നുവെങ്കിൽ അതും നി
ങ്ങളുടെ ആശ്വാസത്തിനുവേണ്ടിത്തന്നേ. തൽ
ഫലമായി, ഞങ്ങൾ സഹിക്കുന്ന അതേ
കഷ്ടതകൾ ക്ഷമയോടെ സഹിക്കുവാനുള്ള
പ്രാപ്തി നിങ്ങൾക്കും ലഭിക്കുന്നു. 7ഞങ്ങളുടെ
കഷ്ടതകളിലെന്നപോലെ ആശ്വാസത്തിലും
നിങ്ങൾ പങ്കാളികളാകുന്നുവെന്ന് അറി
യുന്നതുകൊണ്ടു നിങ്ങൾക്കുവേണ്ടിയുള്ള
ഞങ്ങളുടെ പ്രത്യാശ ഉറപ്പുള്ളതുതന്നേ.
8സഹോദരരേ, ആസ്യയിൽ ഞങ്ങൾ സഹിച്ച
ഉപദ്രവങ്ങളെക്കുറിച്ചു നിങ്ങൾ അറിയാതിരി
ക്കരുതെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ജീവ
നോടിരിക്കുമോ എന്നു നിരാശപ്പെടുമാറ്
ഞങ്ങളുടെ കഴിവിനപ്പുറമായി ഞങ്ങൾ ഭാര
പ്പെട്ടിരുന്നു. 9മരണത്തിനു വിധിക്കപ്പെട്ടിരി
ക്കുന്നതായിത്തന്നേ ഞങ്ങൾക്കു തോന്നി.
എന്നാൽ ഞങ്ങളിലല്ല, മരിച്ചവരെ ഉയിർപ്പി
ക്കുന്ന ദൈവത്തിൽതന്നേ ഞങ്ങൾ ആ
ശ്രയിക്കേണ്ടതിനാണ് ഇതു സംഭവിച്ചത്.
10ഇത്രവലിയ മരണ വിപത്തിൽനിന്ന് അവി
ടുന്ന് ഞങ്ങളെ വിടുവിച്ചു; മേലിലും വിടുവിക്കും.
ഞങ്ങൾ പ്രത്യാശ വച്ചിരിക്കുന്ന ദൈവം ഭാവി
യിലും ഞങ്ങളെ വിടുവിക്കുന്നവൻതന്നേ;
11പ്രാർത്ഥനയാൽ നിങ്ങളും ഞങ്ങൾക്കു തുണ
നല്കുന്നുവല്ലോ. അനേകം പേരുടെ
പ്രാർത്ഥനയ്ക്ക് ഉത്തരമായി ദൈവം ഞങ്ങളെ
കൃപയോടെ സഹായിച്ചിരിക്കുന്നു. അതുനി
മിത്തം അവരെല്ലാം ഞങ്ങൾക്കുവേണ്ടി [a]അവി
ടുത്തേക്കു സ്തോത്രം ചെയ്യുവാൻ ഇടയാകും.

*പൗലൊസിൻെറ*
*പരിപാടികളിൽ മാറ്റം*

12ഞങ്ങൾ ലോകത്തിൽ ജീവിച്ചതും
വിശേഷാൽ നിങ്ങളോട് ഇടപെട്ടതും
ദൈവത്തിൽനിന്നുള്ള വിശുദ്ധിയോടും
ആത്മാർത്ഥതയോടുംകൂടെ ആയിരുന്നുവെന്നു
ഞങ്ങളുടെ മനസ്സാക്ഷി സാക്ഷ്യം പറയുന്നു:
ഇതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ലൗകി
കമായ ജ്ഞാനത്താലല്ല, ദൈവകൃപയാലത്രേ
ഞങ്ങൾക്ക് അതു സാധ്യമായിത്തീർന്നത്. 13നി
ങ്ങൾക്കു വായിക്കാനോ ഗ്രഹിക്കാനോ കഴി
യാത്തതൊന്നും ഞങ്ങൾ നിങ്ങൾക്ക് എഴുതുന്നി
ല്ല. 14കർത്താവായ യേശുക്രിസ്തുവിൻെറ നാ
ളിൽ ഞങ്ങൾ നിങ്ങളെക്കുറിച്ച് അഭിമാനിക്കു
വാൻ ഇടയാകുന്നതുപോലെ നിങ്ങൾ ഞങ്ങ
ളെക്കുറിച്ചും അഭിമാനിക്കുവാൻ ഇടയാകും.
ഞങ്ങളെക്കുറിച്ചു ഭാഗികമായി മനസ്സിലാക്കി
യിട്ടുള്ള നിങ്ങൾ ഇതു പൂർണ്ണമായി മനസ്സിലാ
ക്കുമെന്നാണ് എൻെറ പ്രത്യാശ.
15ഈ വിശ്വാസം ഉണ്ടായിരുന്നതുകൊണ്ടാ
ണു ഞാൻ മുമ്പുതന്നേ നിങ്ങളെ സന്ദർശിക്കണ
മെന്നും ഇപ്പോൾ നിങ്ങൾക്കു രണ്ടാമതും പ്രയോ

[a] 11 പല കയ്യെഴുത്തുപ്രതികളിലും, *നിങ്ങൾക്കുവേണ്ടി*

ജനം ഉണ്ടാകണമെന്നും ഉദ്ദേശിച്ചത്. 16മാ
സിഡോണിയയിലേക്കു പോകുമ്പോൾ നിങ്ങ
ളെ സന്ദർശിക്കണമെന്നും അവിടെ നിന്നുള്ള
മടക്കയാത്രയിൽ വീണ്ടും നിങ്ങളുടെ അടുക്കൽ
എത്തി നിങ്ങളാൽ യഹൂദ്യയിലേക്കു യാത്രയാ
ക്കപ്പെടണമെന്നും ആയിരുന്നു എന്റെ തീരു
മാനം. 17ചാഞ്ചല്യത്തോടെയാണോ ഞാൻ ഈ
തീരുമാനം എടുത്തത്? "ഉവ്വ്, ഉവ്വ്" എന്നും
"ഇല്ല, ഇല്ല" എന്നും ഒരേ സമയം പറയത്ത
ക്കവണ്ണം കേവലം മാനുഷികരീതിയിലോ,
ഞാൻ കാര്യങ്ങൾ ക്രമീകരിക്കുന്നത്?

18നിങ്ങളോടുള്ള ഞങ്ങളുടെ വാക്ക് ഒരേ
സമയം "ഉവ്വ്" എന്നും "ഇല്ല" എന്നും ആയിരു
ന്നില്ല എന്നു ദൈവത്തിന്റെ വിശ്വസ്തതയെ
ച്ചൊല്ലി ഞാൻ പറയുന്നു. 19ഞാനും സിൽവാ
നോസും [a] തിമൊഥെയോസും നിങ്ങളുടെ
ഇടയിൽ പ്രസംഗിച്ച ദൈവപുത്രനായ യേശുക്രി
സ്തു "ഉവ്വ്" എന്നും "ഇല്ല" എന്നും ആയിരുന്നി
ല്ല; തന്നിൽ എല്ലായ്പ്പോഴും "ഉവ്വ്" മാത്രമേ ഉണ്ടാ
യിരുന്നിട്ടുള്ളൂ. 20ദൈവത്തിന്റെ വാഗ്ദാ
നങ്ങൾ എത്ര ഉണ്ടായിരുന്നാലും അവയെല്ലാം
ക്രിസ്തുവിൽ "ഉവ്വ്" എന്നുതന്നേ. അതുകൊണ്ട
ത്രേ ഞങ്ങൾ ദൈവ മഹത്ത്വത്തിനായി ക്രിസ്തു
വിലൂടെ "ആമേൻ" പറയുന്നത്. 21ഞങ്ങളെയും
നിങ്ങളെയും ക്രിസ്തുവിൽ ഉറപ്പിച്ചു നിറു
ത്തുന്നവനും നമ്മെ അഭിഷേകം ചെയ്തവനും
ദൈവംതന്നേ. 22അവിടുന്ന് നമ്മുടെമേൽ
തന്റെ മുദ്ര പതിക്കുകയും, അച്ചാരമായി തന്റെ
ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിൽ പകരു
കയും ചെയ്തിരിക്കുന്നു.

23നിങ്ങളുടെ നന്മ കരുതിയാണു ഞാൻ കൊ
രിന്തിലേയ്ക്കു വരാതിരുന്നത്. അതിനു ദൈവം
സാക്ഷി. 24നിങ്ങളുടെ വിശ്വാസത്തിന്മേൽ
ഞങ്ങൾ ആധിപത്യം ചെലുത്തുന്നില്ല. നിങ്ങൾ
വിശ്വാസത്തിൽ ഉറച്ചു നില്ക്കുന്നവരാകയാൽ
നിങ്ങളുടെ സന്തോഷത്തിനായി ഞങ്ങൾ
നിങ്ങളോടൊത്തു പ്രവർത്തിക്കുകയാണു
ചെയ്യുന്നത്.

2 വേദനയുളവാക്കുന്ന മറ്റൊരു സന്ദർ
ശനത്തിനായി നിങ്ങളുടെ അടുക്കൽ
വരരുതെന്നു ഞാൻ തീരുമാനിച്ചു. 2ഞാൻ നി
ങ്ങളെ വേദനിപ്പിച്ചാൽ, ഞാൻ വേദനിപ്പിച്ച നി
ങ്ങൾ തന്നെയല്ലാതെ എന്നെ ആശ്വസിപ്പിക്കാൻ
മറ്റാരാണുള്ളത്? 3എന്നെ സന്തോഷിപ്പിക്കേ
ണ്ടവർനിമിത്തം ഞാൻ ദുഃഖിതനായിത്തീരാ
തിരിക്കേണ്ടതിനാണ് ഞാൻ അപ്രകാരം
നിങ്ങൾക്കെഴുതിയത്. എന്റെ സന്തോഷം
നിങ്ങളുടെയെല്ലാം സന്തോഷം തന്നേയെന്ന്
എനിക്കുറപ്പുണ്ട്. 4മഹാദുഃഖത്തോടും ഹൃദയ
വ്യഥയോടും വളരെ കണ്ണുനീരോടും കൂടെയാ
ണു ഞാൻ നിങ്ങൾക്ക് എഴുതിയത്. അതു നിങ്ങ
ളെ ദുഃഖിപ്പിക്കുവാനല്ല, എനിക്കു നിങ്ങളോടു
ള്ള സ്നേഹം എത്ര ആഴമേറിയത് എന്നു
നിങ്ങൾ ഗ്രഹിക്കേണ്ടതിനാണ്.

*കുറ്റം ചെയ്തവനു മാപ്പ്*

5ഒരുവൻ എന്നെ ദുഃഖിപ്പിച്ചുവെങ്കിൽ അവൻ
എന്നെയല്ല, അതിശയോക്തികൂടാതെ
പറഞ്ഞാൽ, ഒരളവുവരെ നിങ്ങളെ എല്ലാവ
രെയുമാണു ദുഃഖിപ്പിച്ചിരിക്കുന്നത്. 6ഭൂരി
പക്ഷംപേർ അവനു നല്കിക്കഴിഞ്ഞ ശിക്ഷ ധാ
രാളം മതി. 7ഇനി, അവൻ അതിരറ്റ ദുഃഖത്തിൽ
ആണ്ടുപോകാതിരിക്കേണ്ടതിനു നിങ്ങൾ അവ
നോടു ക്ഷമിക്കുകയും അവനെ ആശ്വസിപ്പി
ക്കുകയുമാണു വേണ്ടത്. 8ആകയാൽ അവനോ
ടുള്ള സ്നേഹം നിങ്ങൾ ഉറപ്പിച്ചുകൊടുക്കണ
മെന്നു ഞാൻ താല്പര്യപ്പെടുന്നു. 9ഞാൻ നി
ങ്ങൾക്ക് എഴുതിയതുതന്നേ, നിങ്ങൾ എല്ലാറ്റി
ലും അനുസരണം പാലിക്കുമോ എന്നു പരീ
ക്ഷിക്കേണ്ടതിനായിരുന്നു. 10നിങ്ങൾ ക്ഷമി
ക്കുന്നവനോടു ഞാനും ക്ഷമിക്കുന്നു. ഞാൻ
വല്ലതും ക്ഷമിച്ചിട്ടുണ്ടെങ്കിൽ, ക്രിസ്തുവിന്റെ
സന്നിധിയിൽ നിങ്ങൾക്കുവേണ്ടിയാണ് ക്ഷമി
ച്ചിരിക്കുന്നത്. 11സാത്താൻ നമ്മെ തോല്പി
ക്കരുത്; നാം അവന്റെ തന്ത്രങ്ങൾ അറി
യാത്തവരല്ലല്ലോ?

*പുതിയ ഉടമ്പടിയുടെ*
*ശുശ്രൂഷകർ*

12ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കു
വാൻ ഞാൻ ത്രോവാസിൽ എത്തിയപ്പോൾ
കർത്താവ് എനിക്ക് ഒരു വാതിൽ തുറന്നു തന്നു.
13എന്നാൽ, എന്റെ സഹോദരനായ തീത്തോ
സിനെ അവിടെ കാണാഞ്ഞതുകൊണ്ട് എനി
ക്ക് ഉള്ളിൽ സ്വസ്ഥതയുണ്ടായില്ല. അതു കൊ
ണ്ട് ഞാൻ അവരോടു യാത്ര പറഞ്ഞ് മാസിഡോ
ണിയയിലേക്കു പോയി.

14ക്രിസ്തുവിൽ ഞങ്ങളെ എല്ലായ്പോഴും ജ
യോത്സവമായി നടത്തുകയും ഞങ്ങളിലൂടെ ത
ന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ പരിമളം
എല്ലായിടത്തും പരത്തുകയും ചെയ്യുന്ന
ദൈവത്തിനു സ്തോത്രം. 15രക്ഷിക്കപ്പെടു
ന്നവരുടെയും നശിക്കുന്നവരുടെയും ഇടയിൽ
ഞങ്ങൾ ദൈവത്തിനു ക്രിസ്തു യേശുവിന്റെ
പരിമളം ആകുന്നു. 16നശിച്ചുപോകുന്നവർക്കു
മരണത്തിൽനിന്നു മരണത്തിലേക്കുള്ള ഗന്ധം:
രക്ഷിക്കപ്പെടുന്നവർക്കോ ജീവനിൽനിന്നു ജീവ
നിലേക്കുള്ള സൗരഭ്യം. എന്നാൽ ഇതിന് ആരാ
ണ് പ്രാപ്തൻ? 17പലരും ചെയ്യുന്നതു പോലെ
ഞങ്ങൾ ദൈവവചനത്തെ ഒരു വാണിഭമാ

[a] 19 *ശീലാസ്* എന്നതിന്റെ മറ്റൊരു രൂപം.

ക്കുന്നില്ല; മറിച്ച് ദൈവത്താൽ അയയ്ക്ക
പ്പെട്ടവർ എന്ന നിലയ്ക്ക് ഞങ്ങൾ ദൈവസന്നി
ധിയിൽ ആത്മാർത്ഥതയോടെ ക്രിസ്തുവിൽ
സംസാരിക്കുന്നു.

3 ഞങ്ങൾ വീണ്ടും ഞങ്ങൾക്കായിത്തന്നേ
ശുപാർശ നടത്തുകയോ? മറ്റുചിലർ
ചെയ്യുന്നതുപോലെ നിങ്ങളിൽനിന്നു ശുപാർ
ശക്കത്തുകൾ വാങ്ങുവാനോ, നിങ്ങൾക്കു ശു
പാർശക്കത്തുകൾ നല്കുവാനോ ഞങ്ങൾക്ക്
എന്താണാവശ്യം? 2നിങ്ങൾതന്നേയാണ്
ഞങ്ങളുടെ കത്ത്; അതു നിങ്ങളുടെ ഹൃ
ദയത്തിന്മേൽ എഴുതിയിട്ടുള്ളതും എല്ലാവരും
അറിയുകയും വായിക്കുകയും ചെയ്യുന്നതുമ
ത്രേ. 3ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ
"ക്രിസ്തുവിന്റെ കത്ത്" ആയി നിങ്ങൾ
വെളിപ്പെടുന്നു. അത് എഴുതിയിരിക്കുന്നതു
മഷികൊണ്ടല്ല ജീവനുള്ള ദൈവത്തിന്റെ
ആത്മാവിനാലാണ്; കല്പലകകളിൽ അല്ല, മനു
ഷ്യഹൃദയങ്ങളെന്ന പലകകളിന്മേൽ അത്രേ.
4ഈ വിധത്തിലുള്ള ഉറപ്പ് ഞങ്ങൾക്കു ക്രി
സ്തു മുഖാന്തരം ദൈവസന്നിധിയിൽ ഉണ്ട്.
5ഞങ്ങളിൽ എന്തെങ്കിലും മേന്മയുള്ളതായി
അവകാശപ്പെടാൻ ഞങ്ങൾക്കു യോഗ്യതയില്ല;
ഞങ്ങളുടെ യോഗ്യത ദൈവത്തിൽനിന്നു
വരുന്നു. 6അവിടുന്ന് ഞങ്ങളെ പുതിയ ഉടമ്പടി
യുടെ ശുശ്രൂഷകരായിരിക്കുവാൻ പ്രാപ്ത
രാക്കി. അക്ഷരത്തിന്റെയല്ല, ആത്മാവിന്റെ
തന്നേ ശുശ്രൂഷക്കാർ. അക്ഷരം കൊല്ലുന്നു,
ആത്മാവോ ജീവിപ്പിക്കുന്നു.

*പുതിയ ഉടമ്പടിയുടെ തേജസ്സ്*

7കല്ലിൽ അക്ഷരമായി കൊത്തിയ മരണ
ത്തിന്റെ ശുശ്രൂഷ തേജസ്സോടെയാണു
വെളിപ്പെട്ടത്. അതിന്റെ തേജസ്സ് മാഞ്ഞുപോ
കുന്നതായിരുന്നിട്ടും, മോശെയുടെ മുഖത്തേക്കു
നോക്കുവാൻ യിസ്രായേല്യർക്കു സാധ്യമല്ലായി
രുന്നു. 8അങ്ങനെയെങ്കിൽ ആത്മാവിന്റെ
ശുശ്രൂഷ അധികം തേജസ്സുള്ളതായിരി
ക്കയില്ലേ? 9ശിക്ഷാവിധിയുടെ ശുശ്രൂഷ തേജോ
മയമെങ്കിൽ നീതിയുടെ ശുശ്രൂഷ അധികം
തേജസ്സുള്ളതാകയില്ലേ? 10ഒരിക്കൽ തേജസ്സു
ണ്ടായിരുന്നത്, അതിമഹത്തായ ഇപ്പോഴത്തെ
തേജസ്സുമൂലം തേജസ്സില്ലാത്തതായിത്തീർന്നിരി
ക്കുന്നു. 11മാഞ്ഞുപോകുന്നത് തേജസ്സോടെ
വന്നു എങ്കിൽ നിലനില്ക്കുന്നത് എത്രയധികം
തേജസ്സുള്ളതായിരിക്കും!
12ഇങ്ങനെയൊരു പ്രത്യാശയുള്ളതുകൊണ്ടു
നാം വളരെ ധൈര്യശാലികളായിരിക്കുന്നു. 13മാ
ഞ്ഞുപൊയ്ക്കൊണ്ടിരുന്ന മുഖതേജസ്സ്
യിസ്രായേല്യർ കാണാതിരിക്കുവാൻ മോശെ
തന്റെ മുഖം മൂടുപടംകൊണ്ടു മറച്ചു; നമ്മുടെ
സ്ഥിതി അങ്ങനെയല്ല. 14എന്നാൽ യിസ്രായേ
ല്യരുടെ മനസ്സ് കഠിനമായിപ്പോയിരുന്നു. പഴയ
ഉടമ്പടി വായിക്കുമ്പോഴൊക്കെയും അതേ മൂടു
പടം ഇന്നും മാറാതെ ശേഷിക്കുന്നു. അതു ക്രി
സ്തുവിൽ മാത്രമാണ് നീങ്ങിപ്പോകുന്നത്.
15ഇന്നുവരെയും മോശെയുടെ പുസ്തകം വാ
യിക്കുമ്പോൾ ഒരു മൂടുപടം അവരുടെ ഹൃദയ
ങ്ങളിൽ ശേഷിക്കുന്നു. 16എന്നാൽ ഒരുവൻ
കർത്താവിങ്കലേക്കു തിരിയുമ്പോൾ മൂടുപടം
നീങ്ങിപ്പോകുന്നു. 17കർത്താവ് ആത്മാവാ
കുന്നു, കർത്താവിന്റെ ആത്മാവുള്ളേടത്ത്
സ്വാതന്ത്ര്യം ഉണ്ട്. 18മൂടുപടം നീങ്ങിയ മുഖത്തു
കർത്താവിന്റെ തേജസ്സിനെ പ്രതിഫലിപ്പി
ക്കുന്നവരായ നാം ആത്മാവായ കർത്താവിൽ
നിന്നുള്ള തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു
അവിടുത്തെ സാദൃശ്യത്തിലേക്കു രൂപാന്തരം
പ്രാപിച്ചുകൊണ്ടിരിക്കുന്നു.

*നിക്ഷേപം മൺപാത്രങ്ങളിൽ*

4 ദൈവത്തിന്റെ കരുണയാൽ ഞങ്ങൾക്ക്
ഈ ശുശ്രൂഷ ലഭിച്ചിരിക്കുന്നതുകൊണ്ടു
ഞങ്ങൾ അധൈര്യപ്പെടുന്നില്ല. 2തന്നേയുമല്ല,
ലജ്ജാകരമായ രഹസ്യങ്ങളെ ഞങ്ങൾ പരിത്യ
ജിക്കുന്നു. ചതിവു പ്രയോഗിക്കുകയോ
ദൈവത്തിന്റെ വചനം കോട്ടിക്കളയുകയോ
ചെയ്യാതെ സത്യം വെളിപ്പെടുത്തിക്കൊണ്ടു
ഞങ്ങൾ ഞങ്ങളെത്തന്നേ ദൈവസന്നിധിയിൽ
എല്ലാവരുടെയും മനസ്സാക്ഷിക്കു സ്വീകാര്യരാ
യി സമർപ്പിക്കുന്നു. 3ഞങ്ങളുടെ സുവിശേഷം
മൂടുപടത്താൽ മറഞ്ഞിരിക്കുന്നുവെങ്കിൽ അതു
നശിച്ചുകൊണ്ടിരിക്കുന്നവർക്കു മാത്രമാണ്.
4ദൈവപ്രതിരൂപമായ ക്രിസ്തുവിന്റെ
തേജസ്സുള്ള സുവിശേഷത്തിന്റെ വെളിച്ചം
ഞങ്ങളുടെമേൽ പ്രകാശിക്കാതിരിക്കത്തക്ക
വണ്ണം ഈ ലോകത്തിന്റെ ദൈവം അവിശ്വാ
സികളുടെ മനസ്സ് അന്ധമാക്കിയിരിക്കുന്നു.
5ഞങ്ങൾ ഞങ്ങളെക്കുറിച്ചല്ല, യേശുക്രിസ്തു
വിനെക്കുറിച്ച് അവിടുന്ന് കർത്താവ് എന്നും
ഞങ്ങൾ യേശുനിമിത്തം നിങ്ങളുടെ ദാസ
രെന്നും പ്രസംഗിക്കുന്നു. 6"ഇരുളിൽനിന്നു വെളി
ച്ചം പ്രകാശിക്കട്ടെ" [a]എന്നു കല്പിച്ച ദൈവം,
ക്രിസ്തുവിന്റെ മുഖത്തുള്ള ദൈവതേജസ്സി
ന്റെ പരിജ്ഞാനമാകുന്ന പ്രകാശം ഞങ്ങളുടെ
ഹൃദയങ്ങളിൽ പ്രകാശിപ്പിച്ചിരിക്കുന്നു.
7എന്നാൽ സർവ്വോന്നതമായ ഈ ശക്തി
ഞങ്ങളിൽനിന്നുള്ളതല്ല, ദൈവത്തിൽനിന്നുത
ന്നേ ഉള്ളതാണെന്നു വെളിപ്പെടേണ്ടതിന്, ഈ
നിക്ഷേപം മൺപാത്രങ്ങളിലാണു ഞങ്ങൾക്കു
ലഭിച്ചിരിക്കുന്നത്. 8ഞങ്ങൾ എല്ലാ വശത്തു

[a] 6 ഉല്പത്തി 1:3

നിന്നും ഞെരുക്കം അനുഭവിക്കുന്നുണ്ട്. എങ്കി
ലും തകർന്നുപോകുന്നില്ല; ആശങ്കാകുലർ എങ്കി
ലും നിരാശപ്പെടുന്നില്ല; 9പീഡിതർ എങ്കിലും ഉ
പേക്ഷിക്കപ്പെടുന്നില്ല; അടിയേറ്റു വീഴുന്നുണ്ട്,
എങ്കിലും നശിച്ചുപോകുന്നില്ല. 10യേശുവിന്റെ
ജീവൻ ഞങ്ങളുടെ ശരീരങ്ങളിൽ വെളിപ്പെടു
വാൻ ഞങ്ങൾ എല്ലായ്പ്പോഴും യേശുവിന്റെ
മരണം ഞങ്ങളുടെ ശരീരങ്ങളിൽ വഹിക്കുന്നു.
11ഞങ്ങളുടെ മർത്ത്യശരീരങ്ങളിൽ യേശുവിന്റെ
ജീവൻ വെളിപ്പെടേണ്ടതിന്, ജീവനോടിരി
ക്കുമ്പോൾത്തന്നേ ഞങ്ങൾ യേശുനിമിത്തം എ
പ്പോഴും മരണത്തിന് ഏല്പിക്കപ്പെടുന്നു.
12അങ്ങനെ ഞങ്ങളിൽ മരണവും നിങ്ങളിൽ
ജീവനും വ്യാപരിക്കുന്നു.

13"ഞാൻ വിശ്വസിച്ചു; അതുകൊണ്ട് ഞാൻ
സംസാരിച്ചു"[a] എന്ന് എഴുതിയിരിക്കുന്നു; വിശ്വാ
സത്തിന്റെ അതേ ആത്മാവിനാൽ ഞങ്ങളും
വിശ്വസിക്കുകയും സംസാരിക്കുകയും
ചെയ്യുന്നു. 14എന്തുകൊണ്ടെന്നാൽ, കർത്താ
വായ യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പി
ച്ചവൻ ഞങ്ങളെയും യേശുവിനോടുകൂടെ ഉയിർ
പ്പിച്ച് നിങ്ങളോടൊപ്പം തന്റെ സന്നിധി
യിലേക്കു കൊണ്ടുവരുമെന്നു ഞങ്ങൾ അറി
യുന്നു. 15ഇതെല്ലാം നിങ്ങളുടെ പ്രയോജനത്തി
നായി തന്നേ; അധികമധികം ആളുകൾക്കു
കൃപ ലഭിക്കുവാനും അതുനിമിത്തം
ദൈവമഹത്ത്വത്തിനായി അവരിൽനിന്നു സ്തു
തിസ്തോത്രങ്ങൾ നിറഞ്ഞുകവിയുവാനും
ഇടയാകുമല്ലോ.

16അതുകൊണ്ടു ഞങ്ങൾ അധൈര്യപ്പെടു
ന്നില്ല. ഞങ്ങളിലെ ബാഹ്യമനുഷ്യൻ ക്ഷയി
ച്ചുകൊണ്ടിരിക്കുന്നുവെങ്കിലും ആന്തരികമനു
ഷ്യൻ നാൾക്കുനാൾ പുതുക്കം പ്രാപി
ച്ചുകൊണ്ടിരിക്കുന്നു. 17ലഘുവും ക്ഷണികവു
മായ ഞങ്ങളുടെ കഷ്ടതകൾ, അത്യന്തം ഘന
മേറിയ നിത്യതേജസ്സ് ഞങ്ങൾക്കു നേടിത്ത
രുന്നു. 18അതുകൊണ്ട്, കാണുന്നതിനെയല്ല,
കാണാത്തതിനെത്തന്നേ ഞങ്ങൾ നോക്കി
ക്കൊണ്ടിരിക്കുന്നു. കാണുന്നതു താൽക്കാ
ലികം, കാണാത്തതോ നിത്യം.

*സ്വർഗ്ഗീയ ഭവനം*

5 ഞങ്ങളുടെ ഭൗമികകൂടാരം അഴിഞ്ഞുപോ
യാൽ, മനുഷ്യകരങ്ങളാൽ നിർമ്മി
തമല്ലാത്ത നിത്യഭവനമായി ദൈവികദാനമായ
ഒരു കെട്ടിടം സ്വർഗ്ഗത്തിലുണ്ടെന്നു ഞങ്ങൾ
അറിയുന്നു. 2ഞങ്ങളുടെ സ്വർഗ്ഗീയ വാസസ്ഥാ
നത്തെ ധരിക്കുവാൻ വാഞ്ഛിച്ചുകൊണ്ട് ഈ
ഭവനത്തിൽ ഞങ്ങൾ ഞരങ്ങുന്നു. 3അതു ധരി
ക്കുമ്പോൾ ഞങ്ങൾ നഗ്നരായി കാണപ്പെടു
കയില്ല. മർത്ത്യമായതു ജീവനാൽ ഗ്രസിക്കപ്പെ
ടേണ്ടതിന് ഞങ്ങൾ വസ്ത്രഹീനരായിരി
ക്കാതെ സ്വർഗ്ഗീയമായതിനെ ധരിച്ചവരായിരി
പ്പാൻ വാഞ്ഛിക്കുന്നു. 4അതുകൊണ്ട് ഈ കൂ
ടാരത്തിൽ ഇരിക്കുന്നേടത്തോളംകാലം ഞങ്ങൾ
ഭാരപ്പെട്ടു ഞരങ്ങുന്നു. 5ഈ ലക്ഷ്യത്തിനായി
ഞങ്ങളെ സന്നദ്ധരാക്കിയതും വരുവാനു
ള്ളതിന്റെ അച്ചാരമായി ആത്മാവെന്ന നി
ക്ഷേപം ഞങ്ങൾക്കു നല്കിയതും ദൈവമാണ്.

6ആകയാൽ ഞങ്ങൾ എല്ലായ്പ്പോഴും
ധൈര്യപ്പെട്ടിരിക്കുന്നു; ഈ ശരീരത്തിൽ വസി
ക്കുന്നകാലത്തോളം ഞങ്ങൾ കർത്താവിൽ
നിന്ന് അകലെ ആയിരിക്കുന്നുവെന്നു അറി
യുന്നു. 7കാഴ്ചയാലല്ല, വിശ്വാസത്താലത്രേ
ഞങ്ങൾ ജീവിക്കുന്നത്. 8ഈ ഉറപ്പോടെ, ശരീരം
വിട്ടകന്നു കർത്താവിനോടുകൂടെ വസിക്കാൻ
ഞങ്ങൾ ഏറെ ഇഷ്ടപ്പെടുന്നു. 9അതുകൊണ്ടു
ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും
കർത്താവിനെ പ്രസാദിപ്പിക്കുകയാണു
ഞങ്ങളുടെ ജീവിതലക്ഷ്യം. 10ഓരോ വ്യക്തി
യും ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്ത നന്മയ്
ക്കോ തിന്മയ്ക്കോ തക്കവണ്ണം പ്രാപിക്കുവാൻ
നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസന
ത്തിനുമുമ്പിൽ വെളിപ്പെടേണ്ടതാകുന്നു.

*നിരപ്പിന്റെ ശുശ്രൂഷ*

11കർത്താവിനെ ഭയപ്പെടുക എന്നത്
എന്തെന്ന് ഞങ്ങൾ അറിയുന്നു. അതുകൊണ്ടാ
ണ് ഞങ്ങൾ മനുഷ്യരെ പ്രേരിപ്പിക്കുന്നത്. ഞങ്ങ
ളെ ദൈവം നന്നായി അറിയുന്നു. നിങ്ങളുടെ
മനസ്സാക്ഷിക്കും അതു വ്യക്തമാണല്ലോ.
12ഞങ്ങൾ പിന്നെയും നിങ്ങളോടു ഞങ്ങളെത്ത
ന്നേ പ്രശംസിച്ചുപറയുകയല്ല, പിന്നെയോ ഞങ്ങ
ളെപ്പറ്റി അഭിമാനിക്കാൻ നിങ്ങൾക്ക് അവസരം
തരികയാണ്. 13ഞങ്ങൾ സുബോധം ഇല്ലാത്തവ
രെങ്കിൽ അതു ദൈവത്തിനുവേണ്ടിയാണ്;
സുബോധമുള്ളവരെങ്കിലോ അതു നിങ്ങൾ
ക്കുവേണ്ടിയാണ്. 14ക്രിസ്തുവിന്റെ സ്നേഹം
ഞങ്ങളെ നിർബ്ബന്ധിക്കുന്നു; എല്ലാവർക്കും
വേണ്ടി ഒരുവൻ മരിച്ചുവെന്നും അതുകൊണ്ട്
എല്ലാവരും മരിച്ചു എന്നും ഞങ്ങൾക്കു ബോധ്യ
മുണ്ട്. 15ജീവിക്കുന്നവർ ഇനിമേൽ തങ്ങൾക്കാ
യിട്ടല്ല, തങ്ങൾക്കുവേണ്ടി മരിച്ച് ഉയിർത്തെഴു
ന്നേറ്റവനുവേണ്ടിത്തന്നേ ജീവിക്കേണ്ടതിന്
അവിടുന്ന് എല്ലാവർക്കുംവേണ്ടി മരിച്ചു.

16അതുകൊണ്ട് ഇപ്പോൾമുതൽ ഞങ്ങൾ
ജഡപ്രകാരം ആരെയും വീക്ഷിക്കുന്നില്ല. ഒരി
ക്കൽ ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞി
രുന്നുവെങ്കിലും ഇനിമേൽ അങ്ങനെ ചെയ്യു
ന്നില്ല. 17ഒരു വ്യക്തി ക്രിസ്തുവിലായാൽ

[a] 13 സങ്കീർത്തനം 116:10

അയാൾ പുതിയ സൃഷ്ടിയാകുന്നു; പഴയതു
നീങ്ങിപ്പോയി, പുതിയതു വന്നിരിക്കുന്നു. 18ഇവ
യെല്ലാം ദൈവത്തിൽനിന്നുതന്നെയാണ്. അവി
ടുന്ന് ഞങ്ങളെ ക്രിസ്തുമുഖാന്തരം തന്നോടു
നിരപ്പിച്ചു; നിരപ്പിൻെറ ശുശ്രൂഷ ഞങ്ങളെ
ഏല്പിച്ചിരിക്കുന്നു. 19ദൈവം മനുഷ്യരുടെ പാ
പങ്ങളെ അവർക്കെതിരായി കണക്കാക്കാതെ
ക്രിസ്തു മുഖാന്തരം ലോകത്തെ തന്നോടുത
ന്നേ നിരപ്പിച്ചുപോന്നു. നിരപ്പിൻെറ സന്ദേശം
അവിടുന്ന് ഞങ്ങളെ ഭരമേല്പിച്ചിരിക്കുന്നു.
20അതുകൊണ്ട് ഞങ്ങൾ ക്രിസ്തുവിൻെറ സ്ഥാ
നപതികളായി, ദൈവത്തോടു നിരന്നുകൊള്ളു
വിൻ എന്നു ക്രിസ്തുവിനുവേണ്ടി നിങ്ങളോട്
അപേക്ഷിക്കുന്നു. അതു ദൈവംതന്നേ ഞങ്ങളി
ലൂടെ അപേക്ഷിക്കുന്നതാണ്. 21ദൈവം പാ
പരഹിതനെ നമുക്കുവേണ്ടി പാപമാ
ക്കിത്തീർത്തു; തന്നിലൂടെ നാം ദൈവത്തിനു
നീതിയാകേണ്ടതിനുതന്നേ.

6 ദൈവത്തിൻെറ സഹപ്രവർത്തകരെന്ന
നിലയിൽ ഞങ്ങൾ നിങ്ങളോട് അപേക്ഷി
ക്കുന്നു: നിങ്ങൾ പ്രാപിച്ച ദൈവകൃപ വ്യർത്ഥ
മാക്കരുത്.

2"പ്രസാദകാലത്തു ഞാൻ നിൻെറ
പ്രാർത്ഥന കേട്ടു. രക്ഷാദിവസത്തിൽ
ഞാൻ നിന്നെ സഹായിച്ചു"[a]

എന്ന് അവിടുന്നു അരുളിച്ചെയ്യുന്നുവല്ലോ.
ഇപ്പോൾ ആകുന്നു ദൈവത്തിൻെറ സുപ്രസാ
ദകാലം, ഇപ്പോൾ ആകുന്നു രക്ഷാദിവസം.

### *പൗലൊസിൻെറ വൈഷമ്യങ്ങൾ*

3ഞങ്ങളുടെ ശുശ്രൂഷയെ ആരും പഴിക്കാതി
രിക്കേണ്ടതിനു ഞങ്ങൾ ആർക്കും പ്രതിബന്ധം
സൃഷ്ടിക്കുന്നില്ല. 4ഞങ്ങൾ എല്ലാവിധത്തിലും
ദൈവത്തിൻെറ ശുശ്രൂഷകരെന്നു മഹാസഹി
ഷ്ണുതയിലൂടെ ഞങ്ങളെത്തന്നേ കാണി
ക്കുന്നു; കഷ്ടതകൾ, വൈഷമ്യങ്ങൾ, ദുരി
തങ്ങൾ, 5തല്ല്, തടങ്കൽ, കലഹം, അധ്വാനം,
ഉറക്കിളപ്പ്, പട്ടിണി എന്നിവയിലും 6നിർമ്മലത,
പരിജ്ഞാനം, ദീർഘക്ഷമ, ദയ എന്നിവയിലും
പരിശുദ്ധാത്മാവിലും ആത്മാർത്ഥസ്നേഹത്തി
ലും 7സത്യഭാഷണത്തിലും ദൈവശക്തിയിലും
തന്നേ; ഞങ്ങൾ ഇടത്തും വലത്തും നീതിയുടെ
ആയുധങ്ങൾ വഹിച്ചുകൊണ്ടു 8മാനാപമാ
നങ്ങളിലൂടെയും ദുഷ്കീർത്തി സൽകീർത്തി
കളിലൂടെയും കടന്നുപോകുന്നു; പരമാർത്ഥിക
ളെങ്കിലും വഞ്ചകരായും, 9അറിയപ്പെടുന്നവ
രെങ്കിലും അറിയപ്പെടാത്തവരായും കരുത
പ്പെടുന്നു. ഞങ്ങൾ മരിക്കുന്നുവെങ്കിലും ജീവി
ക്കുന്നു. അടികൊള്ളുന്നുവെങ്കിലും കൊല്ല
പ്പെടുന്നില്ല, 10ദുഃഖിതരെങ്കിലും എപ്പോഴും സ
ന്തോഷിക്കുന്നു; ദരിദ്രരെങ്കിലും പലരെയും
സമ്പന്നരാക്കുന്നു. ഒന്നുമില്ലാത്തവർ എങ്കിലും
എല്ലാം ഉള്ളവർ തന്നേ.

11കൊരിന്ത്യരേ, ഞങ്ങൾ നിങ്ങളോടു തുറന്നു
സംസാരിച്ചിരിക്കുന്നു. ഞങ്ങളുടെ ഹൃദയം വി
ശാലമാക്കിയിരിക്കുന്നു. 12ഞങ്ങളുടെ ഹൃ
ദയങ്ങളിൽ നിങ്ങൾക്കു പരിമിതിയില്ല, നി
ങ്ങളുടെ ഹൃദയങ്ങളിലാണ് അതുള്ളത്. 13മക്ക
ളോടെന്നപോലെ നിങ്ങളോടു പറയട്ടെ, നി
ങ്ങളും ഹൃദയവിശാലതയുള്ളവരായിരിക്കു
വിൻ.

### *അവിശ്വാസികളുമായി സഹകാരിത്വം അരുത്*

14അവിശ്വാസികളുമായി ചേർച്ചയില്ലാത്ത
പങ്കാളിത്തം അരുത്. നീതിക്കും ദുഷ്ടതയ്ക്കും
തമ്മിൽ എന്താണു യോജിപ്പ്? വെളിച്ചത്തിനും
ഇരുളിനും തമ്മിൽ എന്തു കൂട്ടായ്മ? 15ക്രിസ്തു
വിനും ബേലിയാലിനും തമ്മിൽ ഐക്യമോ? വി
ശ്വാസിക്കും അവിശ്വാസിക്കും പൊതുവായിട്ട്
എന്താണുള്ളത്? 16ദൈവത്തിൻെറ ആലയവും
വിഗ്രഹങ്ങളും തമ്മിൽ എന്തു ബന്ധം? നാം ജീ
വനുള്ള ദൈവത്തിൻെറ ആലയമല്ലോ. "ഞാൻ
അവരോടുകൂടെ വസിക്കുകയും അവരുടെ
ഇടയിൽ നടക്കുകയും ചെയ്യും; ഞാൻ അവരുടെ
ദൈവവും അവർ എൻെറ ജനവും ആയിരി
ക്കും"[b] എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു.

17"ആകയാൽ അവരുടെ ഇടയിൽ
നിന്നു പുറത്തുവന്നു വേർപെട്ടിരിക്കു
വിൻ, എന്നു കർത്താവ് അരു
ളിച്ചെയ്യുന്നു. അശുദ്ധമായതൊന്നും
തൊടരുത്; എന്നാൽ ഞാൻ നിങ്ങളെ
കൈക്കൊള്ളും."[c]
18 "ഞാൻ നിങ്ങൾക്കു പിതാവും
നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാ
രും ആയിരിക്കും എന്നു സർവ്വശക്തനാ
യ കർത്താവ് അരുളിച്ചെയ്യുന്നു."[d]

7 പ്രിയസ്നേഹിതരേ, ഈ വാഗ്ദാനങ്ങൾ
നമുക്കുള്ളതിനാൽ ശരീരത്തെയും ആത്മാ
വിനെയും മലിനമാക്കുന്ന എല്ലാറ്റിൽനിന്നും
നമ്മെത്തന്നേ ശുദ്ധീകരിച്ച് ദൈവഭയത്തിൽ
വിശുദ്ധിയുടെ പൂർണ്ണതയിലെത്തിച്ചേരാം.

### *പൗലൊസിൻെറ സന്തോഷം*

2നിങ്ങളുടെ ഹൃദയങ്ങളിൽ ഞങ്ങൾക്ക് ഇടം
നല്കുവിൻ. ഞങ്ങൾ ആരോടും അന്യായം
പ്രവർത്തിച്ചിട്ടില്ല. ആരെയും ദുഷിപ്പിച്ചില്ല,
ആരെയും ചൂഷണം ചെയ്തിട്ടുമില്ല. 3നിങ്ങളെ

[a] 2 യെശയ്യാവ് 49:8 [b] 16 ലേവ്യ 26:12, യിരമ്യാവ് 32:38, യെഹസ്കേൽ 37:27 [c] 17 യെശയ്യാവ് 52:11,
യെഹസ്കേൽ 20:34,41 [d] 18 2ശമുവേൽ 7:14, 7:8

കുറ്റം വിധിക്കുവാനല്ല ഞാൻ ഇതു പറയുന്നത്;
ഞങ്ങൾ നിങ്ങളോടുകൂടെ ജീവിക്കുകയോ മരി
ക്കുകയോ ചെയ്‌വാൻ തക്കവണ്ണം നിങ്ങൾ
ഞങ്ങളുടെ ഹൃദയങ്ങളിൽ വസിക്കുന്നുവെന്നു
ഞാൻ മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ. 4എനിക്കു നി
ങ്ങളിൽ ഉത്തമ വിശ്വാസമുണ്ട്. നിങ്ങളെ സം
ബന്ധിച്ചു ഞാൻ അത്യന്തം അഭിമാനിക്കുന്നു.
എനിക്കു വളരെ ധൈര്യം ലഭിച്ചിരിക്കുന്നു.
ഞങ്ങളുടെ കഷ്ടതകളിലെല്ലാം ഞാൻ അളവറ്റ
ആനന്ദം അനുഭവിക്കുന്നു.

5മാസിഡോണിയായിൽ വന്നപ്പോൾ ഞങ്ങളു
ടെ ശരീരത്തിന് ഒരു സ്വസ്ഥതയും ഉണ്ടായി
രുന്നില്ല; മറിച്ച് എല്ലാതരത്തിലും പീഡനമാ
ണുണ്ടായത്; പുറമേ സംഘർഷം, ഉള്ളിൽ ഭയം.
6എങ്കിലും എളിയവരെ ആശ്വസിപ്പിക്കുന്ന
ദൈവം തീത്തോസിന്റെ വരവിനാൽ ഞങ്ങ
ളെ ആശ്വസിപ്പിച്ചു. 7അവന്റെ വരവു മാത്രമല്ല
നിങ്ങൾ അവനു നല്കിയ ആശ്വാസവും അതി
നു കാരണമായിത്തീർന്നു. എന്നെ കാണാനു
ള്ള നിങ്ങളുടെ അഭിവാഞ്ഛയും തീവ്രദുഃഖവും
എന്നെക്കുറിച്ചുള്ള ഉറ്റകരുതലും അവൻ ഞങ്ങ
ളെ അറിയിച്ചു. അങ്ങനെ എന്റെ സന്തോഷം
അധികം വർദ്ധിച്ചു.

8ലേഖനത്താൽ ഞാൻ നിങ്ങളെ ദുഃഖിപ്പിച്ചു
വെങ്കിലും എനിക്കതിൽ ഖേദമില്ല. ആ ലേഖനം
നിങ്ങളെ അല്പസമയത്തേക്കു മുറിപ്പെടുത്തി
എന്നു ഞാൻ മനസ്സിലാക്കുന്നു. എനിക്കതിൽ
ഖേദമുണ്ടായിരുന്നെങ്കിൽത്തന്നേ 9ഇപ്പോൾ
ഞാൻ സന്തോഷിക്കുന്നു; നിങ്ങൾ ദുഃഖിച്ചതി
ലല്ല, നിങ്ങളുടെ ദുഃഖം നിങ്ങളെ മാ
നസാന്തരത്തിലേക്കു നയിച്ചുവെന്നതിലാണ് എ
ന്റെ സന്തോഷം. ദൈവഹിതപ്രകാരം നിങ്ങൾ
ദുഃഖിച്ചതിനാൽ ഞങ്ങൾമൂലം നിങ്ങൾക്ക് ഒരു
നഷ്ടവും ഉണ്ടായില്ല.10ദൈവഹിതപ്രകാരമുള്ള
ദുഃഖം രക്ഷയിലേക്കു നയിക്കുന്ന മാനസാന്തരം
ഉളവാക്കുന്നു; അതിനെപ്പറ്റി ഖേദിക്കേണ്ടി
വരുന്നില്ല. എന്നാൽ ലൗകികമായ ദുഃഖം
മരണത്തിലേക്കു നയിക്കുന്നതാണ്. 11ദൈവി
കമായ ഈ ദുഃഖം നിങ്ങളിൽ എത്ര ഉത്സാഹം
ഉളവാക്കി. നിങ്ങ ളുടെ നിരപരാധിത്വം തെളിയി
ക്കുവാൻ എത്ര ശുഷ്കാന്തി, എത്ര ധാർമ്മിക
രോഷം, എത്ര ഭയം, എത്ര അഭിവാഞ്ഛ, എത്ര
തീഷ്ണത, എത്ര നീതിബോധം! ഇതിൽ നി
ങ്ങൾ എത്ര നിഷ്കളങ്കരെന്നു സ്വയം തെളിയി
ച്ചിരിക്കുന്നു. 12ഞാൻ നിങ്ങൾക്കെഴുതിയെങ്കി
ലും അതു ആ ദ്രോഹം പ്രവർത്തിച്ചവൻ നി
മിത്തമോ ദ്രോഹിക്കപ്പെട്ടയാൾ നിമിത്തമോ
ആയിരുന്നില്ല. അതിലുപരിയായി, ഞങ്ങളോടു
നിങ്ങൾക്കുള്ള സ്നേഹാദരങ്ങൾ എത്രയെന്നു
ദൈവ സന്നിധിയിൽ, നിങ്ങൾക്കുതന്നേ കണ്ടു
മനസ്സിലാക്കുവാൻവേണ്ടി ആയിരുന്നു. 13ഇ
തെല്ലാം ഞങ്ങളെ ധൈര്യപ്പെടുത്തിയിരിക്കുന്നു.
ഞങ്ങൾക്കു ലഭിച്ച പ്രോത്സാഹനത്തിനു പുറമേ,
നിങ്ങൾ തീത്തോസിന്റെ ഹൃദയത്തെ ആശ്വ
സിപ്പിച്ചതുമൂലം അവനുണ്ടായ സന്തോഷം നി
മിത്തവും ഞങ്ങൾ അത്യന്തം ആനന്ദിച്ചു.
14ഞാൻ നിങ്ങളെക്കുറിച്ചു പ്രശംസിച്ച് അവനോ
ടു സംസാരിച്ചിരുന്നു; ഇതിൽ ഞാൻ ലജ്ജി
ക്കുന്നില്ല. ഞങ്ങൾ നിങ്ങളോടു സംസാരിച്ച
തെല്ലാം സത്യമായിരുന്നതുപോലെ, തീത്തോ
സിനോടു നിങ്ങളെപ്പറ്റി പ്രശംസിച്ചതും സത്യ
മെന്നു തെളിഞ്ഞിരിക്കുന്നു. 15നിങ്ങൾ എത്ര
അനുസരണമുള്ളവരായിരുന്നുവെന്നും എത്ര
ഭയത്തോടും വിറയലോടുംകൂടെയാണു നിങ്ങൾ
അവനെ സ്വീകരിച്ചതെന്നും ഓർക്കുമ്പോൾ നി
ങ്ങളോടുള്ള അവന്റെ സ്നേഹം വളരെ വർ
ദ്ധിക്കുന്നു. 16നിങ്ങളിൽ സമ്പൂർണ്ണവിശ്വാസം
അർപ്പിക്കാമെന്നുള്ളതിൽ എനിക്ക് സന്തോ
ഷമുണ്ട്.

*ഔദാര്യത്തിനു പ്രോത്സാഹനം*

8 സഹോദരരേ, മാസിഡോണിയയിലെ
സഭകൾക്കു ദൈവം നല്കിയ കൃപയെപ്പറ്റി
നിങ്ങൾ അറിഞ്ഞിരിക്കണമെന്നു ഞങ്ങൾ
ആഗ്രഹിക്കുന്നു. 2കഷ്ടതയുടെ വലിയ
ശോധനയിൽ ആയിരുന്നിട്ടും അവരുടെ സന്തോ
ഷസമൃദ്ധിയും കഠിനദാരിദ്ര്യവും ഔദാര്യത്തി
ന്റെ ഒരു വലിയ സമ്പത്തായി കവിഞ്ഞൊഴു
കുവാൻ ഇടയായി. 3അവർ തങ്ങളുടെ കഴിവനു
സരിച്ചും അതിനപ്പുറവും ദാനം ചെയ്തു എന്നതി
നു ഞാൻ സാക്ഷി. 4വിശുദ്ധർക്കുവേണ്ടിയുള്ള
ഈ ശുശ്രൂഷയിൽ പങ്കു വഹിക്കുക എന്ന പദവി
ക്കായി അവർ താല്പര്യമായി ഞങ്ങളോട് അ
പേക്ഷിച്ചു. 5അതും ഞങ്ങൾ പ്രതീക്ഷിച്ചി
രുന്നതുപോലെയല്ല, അവർ ഒന്നാമതു കർത്താ
വിനും പിന്നെ ദൈവഹിതപ്രകാരം ഞങ്ങൾക്കും
തങ്ങളെത്തന്നേ ഏല്പിച്ചു. 6അതുകൊണ്ടു
ഞങ്ങൾ തീത്തോസിനോട്, അയാൾ തുടങ്ങി
വച്ചിരുന്ന ധർമ്മശേഖരം നിങ്ങളുടെ ഇടയിൽ
പൂർത്തിയാക്കണമെന്ന് അപേക്ഷിച്ചു. 7വി
ശ്വാസം, പ്രസംഗം, പരിജ്ഞാനം, തികഞ്ഞ ശു
ഷ്കാന്തി, ഞങ്ങളോടുള്ള സ്നേഹം എന്നിങ്ങ
നെ എല്ലാറ്റിലും നിങ്ങൾ മികച്ചു നില്ക്കുന്നതു
പോലെ ദാനധർമ്മത്തിന്റെ ഇക്കാര്യത്തിലും
ഏറ്റവും മുന്നിലായിരിക്കണം.

8ഞാൻ നിങ്ങളോട് ആജ്ഞാപിക്കുകയല്ല,
എന്നാൽ മറ്റുള്ളവരുടെ ശുഷ്കാന്തിയോടു
തുലനം ചെയ്ത നിങ്ങളുടെ സ്നേഹത്തിന്റെ
പരമാർത്ഥത പരിശോധിക്കുവാൻ ആഗ്രഹിക്കു
കയാണ്. 9നമ്മുടെ കർത്താവായ യേശുക്രി
സ്തുവിന്റെ കൃപ നിങ്ങൾ അറിയുന്നുവല്ലോ;
അവിടുന്ന് സമ്പന്നൻ ആയിരുന്നിട്ടും നിങ്ങൾ

ക്കുവേണ്ടി ദരിദ്രനായിത്തീർന്നു; അവിടുത്തെ
ദാരിദ്ര്യത്തിലൂടെ നിങ്ങൾ സമ്പന്നരായിത്തീ
രേണ്ടതിനു തന്നേ.
10ഈ കാര്യത്തിൽ നിങ്ങൾക്കുള്ള എൻെറ
ഉപദേശം ഇതാണ്: ഏറ്റവും ആദ്യം സംഭാവന
നല്കിയതും നല്കാൻ ആഗ്രഹിച്ചതും നിങ്ങ
ളാണ്. ഒരുവർഷംമുമ്പു നിങ്ങൾ അതാരംഭിച്ചു.
11നിങ്ങൾ ആരംഭിച്ചതു നിങ്ങളുടെ പ്രാപ്തി
ക്കൊത്തവണ്ണം ഇപ്പോൾ പൂർത്തിയാക്കു
കയാണ് ഏറ്റവും നല്ലത്. അങ്ങനെ ഇക്കാര്യം
ചെയ്യുന്നതിനുള്ള നിങ്ങളുടെ ആകാംക്ഷാ
പൂർവ്വമായ മനസ്സൊരുക്കം അതിൻെറ പൂർത്തീ
കരണത്തിൽകൂടി നിറവേറ്റപ്പെടും. 12ഒരാൾക്കു
താല്പര്യമുള്ളപക്ഷം പ്രാപ്തിയില്ലാത്തതുപോ
ലെയല്ല, പ്രാപ്തിക്കനുസരണമായി അയാൾ
നല്കുന്ന സംഭാവന സ്വീകാര്യമായിരിക്കും.
13നിങ്ങളെ ബുദ്ധിമുട്ടിച്ചു മറ്റുള്ളവരെ സുഭി
ക്ഷരാക്കണമെന്നല്ല, സമത്വം ഉണ്ടാകണം എന്ന
ത്രേ ഞങ്ങൾ ആഗ്രഹിക്കുന്നത്. 14ഇപ്പോൾ നി
ങ്ങളുടെ സമൃദ്ധി അവരുടെ ആവശ്യങ്ങൾ നിർ
വ്വഹിക്കുവാനും പിന്നീട് അവരുടെ സമൃദ്ധി നി
ങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാനും
സഹായകമാകും. അങ്ങനെ സമത്വമുണ്ടാകും.
15"ഏറെ പെറുക്കിയവന് ഏറെയും കുറെ പെറു
ക്കിയവന് കുറവും കണ്ടില്ല" [a]എന്ന് എഴുതിയി
രിക്കുന്നതുപോലെ തന്നേ.

*തീത്തോസിനെ കൊരിന്തിലേക്ക് അയയ്ക്കുന്നു*

16നിങ്ങളെക്കുറിച്ച് എനിക്കുള്ള അതേ കരു
തൽ തീത്തോസിൻെറ ഹൃദയത്തിലും നല്കിയ
ദൈവത്തിനു സ്തോത്രം. 17തീത്തോസ്
ഞങ്ങളുടെ അഭ്യർത്ഥന സ്വീകരിച്ചുവെന്നു
മാത്രമല്ല, വളരെ ഉത്സാഹത്തോടും സ്വന്ത
താല്പര്യത്തോടുംകൂടി നിങ്ങളുടെ അടു
ത്തേക്കു വരികയുമാണ്. 18ഞങ്ങൾ അയാളോ
ടുകൂടെ ഒരു സഹോദരനെയും അയയ്ക്കുന്നു.
ആ സഹോദരൻ സുവിശേഷത്തിനുവേണ്ടിയു
ള്ള തൻെറ ശുശ്രൂഷ നിമിത്തം സകല സഭകളു
ടെയും പ്രശംസയ്ക്കു പാത്രമായിത്തീർന്നിട്ടു
ള്ളവനാണ്. 19തന്നേയുമല്ല, കർത്താവിൻെറ
മഹത്ത്വത്തിനും, നമ്മുടെ സന്മനസ്സു കാണിപ്പാ
നുമായി നിർവ്വഹിക്കപ്പെടുന്ന ഈ ശുശ്രൂഷയിൽ
തുണയായി ഞങ്ങളോടൊപ്പം സഞ്ചരിക്കുവാൻ
തിരഞ്ഞെടുക്കപ്പെട്ടവനുമാണ് ഈ സഹോ
ദരൻ. 20ഈ ഉദാരസംഭാവന കൈകാര്യം
ചെയ്യുന്നതു സംബന്ധിച്ച് ഒരു വിമർശനവും
ഉണ്ടാകരുതെന്നു ഞങ്ങൾക്കു ആഗ്രഹമുണ്ട്.
21കർത്താവിൻെറ മുമ്പാകെ മാത്രമല്ല, മനുഷ്യ
രുടെ മുമ്പാകെയും യോഗ്യമായതു നിർവ്വഹി
പ്പാൻ ഞങ്ങൾ ബദ്ധപ്പെടുകയാണ്.
22പല കാര്യങ്ങളിലും ജാഗ്രതയുള്ളവനെന്നു
ഞങ്ങൾ പലപ്പോഴും പരീക്ഷിച്ചറിഞ്ഞ ഞങ്ങളു
ടെ സഹോദരനെയും അവരോടൊപ്പം
അയയ്ക്കുന്നു. നിങ്ങളിൽ അദ്ദേഹത്തിനുള്ള
വിശ്വാസംമൂലം ഇപ്പോൾ അദ്ദേഹം കൂടുതൽ
ഉത്സാഹിയാണ്. 23തീത്തോസ് എൻെറ കൂട്ടാ
ളിയും നിങ്ങളുടെ ഇടയിൽ എൻെറ സഹ
പ്രവർത്തകനുമാണ്; മറ്റു സഹോദരരോ,
സഭകളാൽ അയയ്ക്കപ്പെട്ടവരും ക്രിസ്തുവി
ൻെറ മഹത്ത്വവുമാണ്. 24അതുകൊണ്ട്, ഈ
ആളുകളോടു നിങ്ങൾക്കുള്ള സ്നേഹവും നി
ങ്ങളിൽ ഞങ്ങൾക്കുള്ള അഭിമാനവും സഭക
ളുടെ മുമ്പിൽ തെളിയിച്ചുകൊടുക്കുവിൻ.

9 വിശുദ്ധർക്കുവേണ്ടിയുള്ള ഈ ശുശ്രൂ
ഷയെ സംബന്ധിച്ചു ഞാൻ നിങ്ങൾക്ക് എഴു
തേണ്ട കാര്യമില്ല. 2സഹായിപ്പാനുള്ള നിങ്ങളു
ടെ ഉത്സാഹം എനിക്കറിയാം. അഖായയിലുള്ള
നിങ്ങൾ കഴിഞ്ഞവർഷംമുതലേ സംഭാവന
ചെയ്യുവാൻ ഉത്സുകരായിരിക്കുന്നുവെന്നു നി
ങ്ങളെപ്പറ്റി മാസിഡോണിയക്കാരോടു ഞാൻ
പ്രശംസിച്ചുകൊണ്ടാണിരുന്നത്; നിങ്ങളുടെ
ഉത്സാഹം അവരെ മിക്കപേരെയും
പ്രവർത്തനത്തിനു തൽപരരാക്കിയിരിക്കുന്നു.
3ഈ കാര്യത്തിൽ നിങ്ങളെക്കുറിച്ചു ഞങ്ങൾ
ക്കുള്ള അഭിമാനം പൊള്ളയല്ല എന്നു തെളിയി
ക്കുവാനും ഞാൻ പറഞ്ഞിരുന്നതുപോലെ നി
ങ്ങൾ തയ്യാറായിരിക്കുവാനും വേണ്ടിയാണു സ
ഹോദരരെ അയയ്ക്കുന്നത്. 4മാസിഡോണി
യക്കാരായ ആരെങ്കിലും എൻെറകൂടെ വരി
കയും നിങ്ങളെ ഒരുക്കമില്ലാത്തവരായി കാണു
കയും ചെയ്താൽ, നിങ്ങളെ സംബന്ധിച്ച അമി
തവിശ്വാസം നിമിത്തം ഞങ്ങൾ ലജ്ജിക്കേണ്ടി
വരും; നിങ്ങളുടെ സ്ഥിതി പറയുകയേ വേണ്ട.
5അതുകൊണ്ട് നിങ്ങളെ മുൻകൂട്ടി സന്ദർശിച്ചു
നിങ്ങൾ വാഗ്ദാനം ചെയ്തിരുന്ന ഉദാരസംഭാ
വനയുടെ ക്രമീകരണം പൂർത്തിയാക്കുവാൻ സ
ഹോദരരോട് ആവശ്യപ്പെടണമെന്നു ഞാൻ
ചിന്തിച്ചു. അപ്പോൾ അത് വൈമനസ്യത്തോ
ടെയല്ല, ഔദാര്യത്തോടെ നല്കപ്പെടുന്ന ഒരു
ദാനമാണെന്നു വ്യക്തമാകും.

*ഉദാരമായി വിതയ്ക്കുക*

6ഇത് ഓർത്തുകൊള്ളുക: അല്പം വിതയ്
ക്കുന്നവൻ അല്പം കൊയ്യും; ധാരാളം വിതയ്
ക്കുന്നവൻ ധാരാളം കൊയ്യും. 7ഓരോരുത്തരും
ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടു
ക്കട്ടെ. വൈമനസ്യത്തോടെ അരുത്, നിർ
ബ്ബന്ധത്താലുമരുത്. കാരണം, സന്തോഷത്തോ
ടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു.

[a] 15 പുറപ്പാട് 6:18

8നിങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കു
തക്കവണ്ണവും സകല സൽപ്രവൃത്തികളിലും
വർദ്ധിച്ചുവരത്തക്കവണ്ണവും, സമൃദ്ധിയായ
അനുഗ്രഹം നല്കുവാൻ ദൈവം പ്രാപ്തനാണ്.
9"അവിടുന്ന് വാരി വിതറി ദരിദ്രർക്കു
കൊടുക്കുന്നു; അവിടുത്തെ നീതി
എന്നേക്കും നിലനില്ക്കുന്നു"[a]
എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നേ.
10വിതയ്ക്കുവാൻ വിത്തും ഭക്ഷിക്കുവാൻ
ആഹാരവും നല്കുന്നവൻ നിങ്ങളുടെ വിത്തി
ന്റെ ശേഖരം വർദ്ധിപ്പിക്കുകയും നീതിയുടെ
വിളവെടുപ്പു സമൃദ്ധമാക്കുകയും ചെയ്യും. 11നി
ങ്ങൾ എല്ലാ സന്ദർഭത്തിലും ഔദാര്യമനസ്ക
രായിരിക്കുവാൻ തക്കവണ്ണം എല്ലാവിധത്തിലും
അവിടുന്ന് നിങ്ങളെ സമ്പന്നരാക്കും. അങ്ങനെ
നിങ്ങളുടെ ഔദാര്യദാനം ഞങ്ങൾമുഖേന
ദൈവത്തിനു സ്തോത്രാർപ്പണമായിത്തീരും.
12നിങ്ങൾ ചെയ്യുന്ന ഈ സേവനം വിശുദ്ധരു
ടെ ആവശ്യനിർവ്വഹണം മാത്രമല്ല, ദൈവത്തോ
ടുള്ള അനവധിയായ നന്ദിപ്രകാശനത്തിന്റെ
കവിഞ്ഞൊഴുക്കും കൂടിയാണ്. 13നിങ്ങളുടെ സ്വ
ഭാവം തെളിയിച്ച ഈ ശുശ്രൂഷയുടെ ഫലമായി
ജനങ്ങൾ ദൈവത്തെ മഹത്ത്വപ്പെടുത്തും. ക്രി
സ്തുവിന്റെ സുവിശേഷം സ്വീകരിച്ചതിനെ തു
ടർന്നുള്ള നിങ്ങളുടെ അനുസരണത്തിനായും
നിങ്ങളുടെ ഓഹരി അവർക്കും മറ്റുള്ളവർക്കും
പങ്കിടുവാൻ കാണിച്ച സന്മനസ്സിനായുംതന്നേ.
14ദൈവം നിങ്ങൾക്കു തന്ന അളവില്ലാത്ത
കൃപനിമിത്തം, നിങ്ങളെ കാണുവാൻ വാഞ്ഛി
ച്ചുകൊണ്ടു അവർ നിങ്ങൾക്കുവേണ്ടി പ്രാർത്ഥി
ക്കും. 15അവർണ്ണനീയമായ ദാനത്തിനുവേണ്ടി
ദൈവത്തിനു സ്തോത്രം.

*പൗലൊസിന്റെ ശുശ്രൂഷ*

10 നിങ്ങളെ അഭിമുഖമായി കാണു
മ്പോൾ വിനീതനും അകലെയായിരി
ക്കുമ്പോൾ ധീരനും എന്നു നിങ്ങൾ കരുതുന്ന
പൗലൊസ് എന്ന ഞാൻ ക്രിസ്തുവിന്റെ
സൗമ്യതയിലും ശാന്തതയിലും നിങ്ങളോടും
അഭ്യർത്ഥിക്കുന്നു! 2ഞാൻ വരുമ്പോൾ ഞങ്ങൾ
ഈ ലോകത്തിന്റെ മാനദണ്ഡങ്ങളനുസരിച്ചു
ജീവിക്കുന്നു എന്നു കരുതുന്ന ചിലരോടു ഞാൻ
ചെയ്യണമെന്നു ഉദ്ദേശിക്കുന്നവിധത്തിലുള്ള
ധൈര്യംകാണിപ്പാൻ ഇടവരുത്തരുതെന്നു നി
ങ്ങളോട് അപേക്ഷിക്കുന്നു. 3ഞങ്ങൾ ലോ
കത്തിൽ ജീവിക്കുന്നവരെങ്കിലും ലോകരെപ്പോ
ലെ പോരാടുന്നവരല്ല. 4പോരാട്ടത്തിനുള്ള
ഞങ്ങളുടെ ആയുധങ്ങൾ ജഡികമല്ല, നേരെമറി
ച്ച്, കോട്ടകളെ തകർത്തുകളയുവാൻതക്ക ദിവ്യ
ശക്തിയുള്ളവയാണ്. 5ദൈവപരിജ്ഞാനത്തി
നെതിരായി ഉയർന്നുവരുന്ന എല്ലാ വാദമുഖങ്ങ
ളെയും ഉന്നതഭാവങ്ങളെയും ഞങ്ങൾ ഇടിച്ചു
കളയുകയും ക്രിസ്തുവിനോടുള്ള അനു
സരണത്തിനായി ഏതു ചിന്തയെയും കീഴടക്കു
കയും ചെയ്യുന്നു. 6നിങ്ങളുടെ അനുസരണം
പൂർണ്ണമായിക്കഴിയുമ്പോൾ ഏത് അനുസരണ
ക്കേടിനും ശിക്ഷ നല്കുവാൻ ഞങ്ങൾ
സന്നദ്ധരായിരിക്കും.
7നിങ്ങൾ കാര്യങ്ങളെ ബാഹ്യമായി മാത്രമേ
കാണുന്നുള്ളൂ, ആരെങ്കിലും ക്രിസ്തുവിനു
ള്ളവൻ എന്നു സ്വയം കരുതുന്നുവെങ്കിൽ,
ഞങ്ങളും അയാളെപ്പോലെതന്നേ ക്രിസ്തുവി
നുള്ളവർ എന്നു മനസ്സിലാക്കണം. 8നിങ്ങളെ
ഇടിച്ചുകളയുവാനല്ല, ആത്മീയമായി പണിതു
യർത്തുവാൻ കർത്താവു ഞങ്ങൾക്കു നല്കിയ
അധികാരത്തെ സംബന്ധിച്ച് അല്പംകൂടുതൽ
പ്രശംസിച്ചാലും അതിൽ എനിക്കു ലജ്ജയില്ല.
9ലേഖനങ്ങൾകൊണ്ടു ഞാൻ നിങ്ങളെ ഭയ
പ്പെടുത്താൻ ശ്രമിക്കുന്നുവെന്നു നിങ്ങൾക്കു
തോന്നരുത്. 10"അദ്ദേഹത്തിന്റെ ലേഖനങ്ങൾ
ഘനഗംഭീരവും കരുത്തുറ്റവയുമാണ്, എന്നാൽ
ശാരീരികസാന്നിധ്യം മതിപ്പുതോന്നാത്തതും
സംസാരം കഴമ്പില്ലാത്തതുമാണ്" എന്നു ചിലർ
പറയുന്നുവല്ലോ. 11എന്നാൽ അകലെയായിരി
ക്കുമ്പോൾ ലേഖനങ്ങളിൽ ഞങ്ങൾ
പറയുന്നതുതന്നേ ആയിരിക്കും അടുത്തിരി
ക്കുമ്പോൾ ഞങ്ങൾ പ്രവർത്തിക്കുന്നത് എന്ന്
അക്കൂട്ടർ മനസ്സിലാക്കിക്കൊള്ളട്ടെ.
12ആത്മപ്രശംസ നടത്തുന്ന ചിലരുടെ കൂ
ട്ടത്തിൽ ഉൾപ്പെടുവാനോ അവരോടു ഞങ്ങളെ
താരതമ്യപ്പെടുത്തുവാനോ ഞങ്ങൾ തുനിയുന്നി
ല്ല. അവർ തങ്ങളെ തങ്ങളാൽത്തന്നേ അളക്കു
കയും തങ്ങളോടുതന്നേ ഉപമിക്കുകയും
ചെയ്യുന്നതുകൊണ്ട് വിവേകികളല്ല. 13ഞങ്ങൾ
അതിരുവിട്ടു പ്രശംസിക്കുന്നില്ല; ദൈവം നിയമി
ച്ചുതന്ന പരിധിയിൽതന്നേ ഞങ്ങളുടെ പ്രശം
സ ഒതുക്കി നിറുത്തും. ആ പരിധിയിൽ നിങ്ങളും
ഉൾപ്പെടുന്നു. 14ഞങ്ങൾ നിങ്ങളുടെയടുത്തു
വന്നിട്ടില്ലായിരുന്നുവെങ്കിൽ ഞങ്ങളുടെ പ്രശം
സ പരിധിക്കപ്പുറമാകുമായിരുന്നു; ക്രിസ്തുവി
ന്റെ സുവിശേഷവുമായി ഞങ്ങൾ നിങ്ങളുടെ
അടുക്കൽവരെ വന്നുവല്ലോ. 15മറ്റുള്ളവർ
ചെയ്ത പ്രവർത്തനത്തെപ്പറ്റിയും ഞങ്ങൾ പരി
ധിവിട്ട് അഭിമാനിക്കുന്നില്ല. നിങ്ങളുടെ വിശ്വാ
സം വർദ്ധിക്കുമ്പോൾ നിങ്ങളുടെ ഇടയിൽ
ഞങ്ങളുടെ പ്രവർത്തനമേഖല വികസിക്കു
മെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. 16അപ്പോൾ
നിങ്ങളുടെ പ്രദേശത്തിനപ്പുറമുള്ള മേഖലകളി
ലും സുവിശേഷം അറിയിക്കുവാൻ ഞങ്ങൾക്കി
ടയാകും; മറ്റൊരാളുടെ മേഖലയിൽ നടന്ന

[a] 9 സങ്കീർത്തനം 112:9

പ്രവർത്തനം സംബന്ധിച്ചു ഞങ്ങൾ പുകഴുന്നി
ല്ല. 17"പ്രശംസിക്കുന്നവർ കർത്താവിൽ പ്രശം
സിക്കട്ടെ."[a] 18തന്നെത്താൻ പുകഴ്ത്തുന്ന
വനല്ല, കർത്താവു പുകഴ്ത്തുന്നവനാണു
കൊള്ളാവുന്നവൻ.

### *വ്യാജ അപ്പൊസ്തലന്മാർ*

11 എന്റെ അല്പഭോഷത്തം നിങ്ങൾ
ക്ഷമിക്കുമെന്നു ഞാൻ പ്രതീക്ഷി
ക്കുന്നു; ഇപ്പോൾത്തന്നേ ക്ഷമിക്കുന്നുണ്ടല്ലോ.
2ദൈവിക തീക്ഷ്ണതയോടെ ഞാൻ നിങ്ങ
ളെപ്പറ്റി ആശങ്കാകുലനായിരിക്കുന്നു. ക്രിസ്തു
എന്ന ഏകപുരുഷനു ഞാൻ നിങ്ങളെ നിർ
മ്മലകന്യകയായി ഏല്പിച്ചുകൊടുക്കുവാൻ വി
വാഹനിശ്ചയം ചെയ്തു. 3എന്നാൽ സർപ്പം
ഹവ്വായെ കൗശലത്താൽ വഞ്ചിച്ചതുപോലെ
നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാ
ഗ്രവും ശുദ്ധവുമായ ഭക്തി വിട്ടു തെറ്റിപ്പോകു
മോ എന്നു ഞാൻ ഭയപ്പെടുന്നു. 4ആരെങ്കിലും
നിങ്ങളുടെ അടുക്കൽവന്നു ഞങ്ങൾ പ്രസംഗി
ച്ച യേശുവിനെ അല്ലാതെ വേറൊരു യേശുവി
നെ പ്രസംഗിക്കുകയോ നിങ്ങൾ നേരത്തേ പ്രാ
പിച്ചതിൽനിന്നും വ്യത്യസ്തമായ ഒരാത്മാവി
നെ പ്രാപിക്കുകയോ നേരത്തേ അംഗീകരിച്ചതി
ൽനിന്നു വ്യത്യസ്തമായ മറ്റൊരു സുവിശേഷം
സ്വീകരിക്കുകയോ ചെയ്താൽ നിങ്ങൾ
വേഗത്തിൽ അതിനോട് ഇണങ്ങിച്ചേരുന്നുണ്ട
ല്ലോ. 5അതിശ്രേഷ്ഠരായ ഈ അപ്പൊസ്തലന്മാ
രെക്കാൾ അല്പമെങ്കിലും ഞാൻ താഴ്ന്നവനാ
ണെന്നു കരുതുന്നില്ല. 6ഞാൻ പരിശീലനം ലഭി
ച്ച പ്രസംഗകൻ അല്ലായിരിക്കാം, എങ്കിലും പരി
ജ്ഞാനം ഉള്ളവൻ തന്നേ. ഇതു ഞങ്ങൾ എല്ലാ
വിധത്തിലും നിങ്ങൾക്കു തെളിയിച്ചു തന്നിട്ടു
ള്ളതാണ്.
7പ്രതിഫലം പറ്റാതെ ദൈവത്തിന്റെ
സുവിശേഷം അറിയിച്ചുകൊണ്ടു നിങ്ങളെ
ഉയർത്തുവാൻ വേണ്ടി എന്നെത്തന്നേ താഴ്ത്തി
യത് എന്റെ ഭാഗത്ത് ഒരു പാപമായിപ്പോയോ?
8നിങ്ങളെ ശുശ്രൂഷിപ്പാൻ സാധിക്കേണ്ടതിനു
ഞാൻ മറ്റു സഭകളെ കവർന്ന് അവരിൽനിന്നു
സഹായം സ്വീകരിച്ചു. 9നിങ്ങളോടുകൂടെ ആയി
രുന്നപ്പോൾ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടും നി
ങ്ങളിൽ ആർക്കും ഞാൻ ഭാരമായിത്തീർന്നിട്ടി
ല്ല; മാസിഡോണിയായിൽനിന്നു വന്ന സഹോ
ദരർ എന്റെ ആവശ്യങ്ങൾ നിറവേറ്റിത്തന്നു.
നിങ്ങൾക്ക് ഒരു വിധത്തിലും ഭാരമാകാതെ
ഞാൻ എന്നെത്തന്നേ സൂക്ഷിച്ചു; മേലിലും സൂ
ക്ഷിക്കും. 10എന്റെ ഈ പ്രശംസ ഇല്ലാതാക്കു
വാൻ അഖായപ്രദേശങ്ങളിലുള്ള ആർക്കും സാ
ധ്യമല്ല എന്നത് എന്നിലുള്ള ക്രിസ്തുവിൻ
സത്യംപോലെതന്നേ സുനിശ്ചിതമാണ്.
11അതെന്തുകൊണ്ട്? ഞാൻ നിങ്ങളെ സ്നേഹി
ക്കാത്തതുകൊണ്ടാണോ? ഞാൻ സ്നേഹി
ക്കുന്നുവെന്നു ദൈവം അറിയുന്നു. 12ചിലർ
അഭിമാനം കൊള്ളുന്ന കാര്യങ്ങളിൽ അവർ
ഞങ്ങളോടു സമന്മാർ എന്നു പരിഗണിക്കപ്പെടു
വാൻ അവസരം കാത്തിരിക്കുകയാണ്. അതിന്
ഇടകൊടുക്കാതിരിക്കാൻ, ഞാൻ ചെയ്തുപോ
രുന്നതു മേലിലും ചെയ്യും.
13അവർ കള്ളഅപ്പൊസ്തലന്മാർ,
വഞ്ചകരായ വേലക്കാർ, ക്രിസ്തുവിന്റെ അ
പ്പൊസ്തലന്മാരുടെ വേഷം കെട്ടുന്നവർ തന്നേ.
14സാത്താൻതന്നേയും വെളിച്ചദൂതന്റെ വേഷം
ധരിക്കുന്നുവെങ്കിൽ അതിലെന്ത് അത്ഭുതം?
15ആകയാൽ അവന്റെ വേലക്കാർ നീതിയുടെ
വേഷം ധരിക്കുന്നതിലും ആശ്ചര്യപ്പെടാനില്ല.
അവരുടെ അവസാനം അവരുടെ പ്രവൃത്തികൾ
ക്കു തക്കതായിരിക്കും.

### *സ്വന്തം കഷ്ടതകളെപ്പറ്റി പൗലൊസിന്റെ പ്രശംസ*

16ഞാൻ വീണ്ടും പറയട്ടെ: എന്നെ ഒരു ഭോ
ഷൻ എന്ന് ആരും കരുതരുത്; കരുതുന്നു
വെങ്കിൽ, ഒരു ഭോഷനെ എന്നപോലെ എന്നെ
സ്വീകരിച്ചുകൊൾവിൻ. അപ്പോൾ കുറച്ചൊന്നു
പ്രശംസിക്കുവാൻ എനിക്കു കഴിയുമല്ലോ.
17ആത്മവിശ്വാസത്തോടെയുള്ള ഈ പ്രശം
സയിൽ ഞാൻ കർത്താവിന്റെ ഹിതപ്രകാ
രമല്ല, ഒരു ഭോഷനെപ്പോലെയാണു സംസാരി
ക്കുന്നത്. 18ജഡപ്രകാരം പലരും പ്രശംസി
ക്കുന്നതുകൊണ്ടു ഞാനും പ്രശംസിക്കുന്നു.
19നിങ്ങൾ ജ്ഞാനികൾ ആയിരിക്കെ സന്തോ
ഷപൂർവ്വം ഭോഷന്മാരെ വഹിക്കുന്നുവല്ലോ!
20വാസ്തവം പറഞ്ഞാൽ, ഒരുവൻ നിങ്ങളെ
അടിമപ്പെടുത്തുകയോ, ചൂഷണം ചെയ്യുകയോ,
മുതലെടുക്കുകയോ, നിങ്ങളുടെ ഇടയിൽ മേധാ
വി ചമയുകയോ, നിങ്ങളുടെ മുഖത്തടിക്കുക
യോ ചെയ്താലും നിങ്ങൾ അതെല്ലാം സഹി
ക്കുന്നു! 21ഞങ്ങൾക്കതിനുള്ള കഴിവില്ലായി
രുന്നു എന്നു ഞാൻ ലജ്ജയോടെ സമ്മതി
ക്കുന്നു.
മറ്റാരെങ്കിലും പ്രശംസിക്കുവാൻ മുതിരുന്ന
കാര്യത്തിൽ ഒരു ഭോഷനെപ്പോലെ ഞാൻ പറയ
ട്ടെ; ഞാനും പ്രശംസിക്കാൻ മുതിരുന്നു. 22അവർ
എബ്രായരോ? ഞാനും അങ്ങനെതന്നേ. അവർ
യിസ്രായേല്യരോ? ഞാനും അതേ. അവർ അ
ബ്രാഹാമിന്റെ പിൻഗാമികളോ? ഞാനും അതു
തന്നേ. 23അവർ ക്രിസ്തുവിന്റെ ദാസരോ? (സു
ബോധമില്ലാത്തവനെപ്പോലെ ഞാൻ പറയുന്നു)
ഞാൻ മികച്ച ദാസൻ തന്നേ. ഞാൻ അധികം

[a] 10:17 യിരമ്യാവ് 9:24

അധ്വാനിച്ചു. ഏറെത്തവണ തടങ്കലിലായി.
ഏറെ ക്രൂരമായി ചാട്ടയടി ഏറ്റു, വീണ്ടും വീണ്ടും
മരണഭീതിക്ക് അധീനനായിത്തീർന്നു. 24അഞ്ചു
പ്രാവശ്യം യഹൂദരാൽ ഞാൻ ഒന്നുകുറയെ
നാല്പത് അടിയേറ്റു. 25മൂന്നുതവണ കോലി
നാൽ അടികൊണ്ടു. ഒരിക്കൽ കല്ലേറ് ഏറ്റു.
മൂന്നുപ്രാവശ്യം കപ്പലപകടത്തിൽ പെട്ടു. ഒരു
രാത്രിയും ഒരുപകലും കടലിൽ കിടന്നു.
26വിശ്രമം ഇല്ലാതെ യാത്ര ചെയ്തു. നദികളി
ലെ ആപത്ത്, കൊള്ളക്കാരാലുള്ള ആപത്ത്,
സ്വജനത്തിൽനിന്നുള്ള ആപത്ത്, വിജാതീ
യരിൽനിന്നുള്ള ആപത്ത്, നഗരത്തിലെ
ആപത്ത്, വിജനസ്ഥലങ്ങളിലെ ആപത്ത്, സമു
ദ്രത്തിലെ ആപത്ത്, കള്ളസഹോദരരിൽ
നിന്നുള്ള ആപത്ത് എന്നിവയിലെല്ലാം ഞാൻ
അകപ്പെട്ടു. 27ഞാൻ അധ്വാനിക്കുകയും ക്ലേശം
സഹിച്ചു പണിയെടുക്കുകയും മിക്കപ്പോഴും
ഉറക്കമിളയ്ക്കുകയും ചെയ്തിട്ടുണ്ട്. വിശപ്പും
ദാഹവും സഹിച്ചു, ആഹാരമില്ലാതെ വലഞ്ഞു;
ശൈത്യവും നഗ്നതയും സഹിക്കേണ്ടിവന്നു.
28ഇവയ്ക്കെല്ലാം പുറമേ എല്ലാസഭകളെയും
കുറിച്ചുള്ള ചിന്താഭാരം എന്ന സമ്മർദ്ദവും ദിനം
തോറും ഞാൻ സഹിക്കുന്നു. 29ആരു
ബലഹീനനായിട്ട് ഞാൻ ബലഹീനൻ ആകാ
തിരിക്കുന്നു? ആര് ഇടറിപ്പോയിട്ടു എന്റെ
ഹൃദയം എരിയാതിരിക്കുന്നു?

30എനിക്കു പ്രശംസിക്കണമെങ്കിൽ, എന്റെ
ബലഹീനതകളെ സംബന്ധിച്ചു ഞാൻ പ്രശം
സിക്കും. 31എന്നേക്കും വാഴ്ത്തപ്പെടുന്നവനാ
യ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ
ദൈവവും പിതാവുമായവൻ, ഞാൻ പറയുന്നതു
വ്യാജമല്ല എന്നറിയുന്നു. 32ദമസ്ക്കോസിൽവച്ച്
അരേതാരാജാവിന്റെ കീഴിലുള്ള ഗവർണർ
എന്നെ പിടികൂടുന്നതിനായി ദമസ്കനഗരത്തി
നു കാവൽ ഏർപ്പെടുത്തി. 33എന്നാൽ എന്നെ
കുട്ടയിലാക്കി മതിലിലുള്ള ഒരു ജനാലയിലൂ
ടെ താഴേയ്ക്കിറക്കുകയും ഞാൻ അയാളുടെ
കൈകളിൽനിന്നു രക്ഷപ്പെട്ടുപോരികയും
ചെയ്തു.

*പൗലൊസിന്റെ ദർശനവും*
*ജഡത്തിലെ ശൂലവും*

12 പ്രശംസകൊണ്ടു പ്രയോജനമില്ലെ
ങ്കിലും അത് ആവശ്യമായിരിക്കുന്നു.
ഞാൻ കർത്താവിൽനിന്നുള്ള ദർശനങ്ങളി
ലേക്കും വെളിപ്പാടുകളിലേക്കും ഇനി കടക്കട്ടെ.
2ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ എനിക്കറി
യാം. പതിന്നാലു വർഷംമുമ്പ് അയാൾ മൂന്നാം
സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു. അതു ശരീര
ത്തോടുകൂടിയോ ശരീരംകൂടാതെയോ എന്ന്
എനിക്കറിഞ്ഞുകൂടാ, ദൈവത്തിനറിയാം. 3ആ
മനുഷ്യൻ പറുദീസയോളം എടുക്കപ്പെട്ടു. ശരീ
രത്തോടുകൂടിയോ ശരീരം കൂടാതെയോ എന്ന്
എനിക്കറിഞ്ഞുകൂടാ, ദൈവം അറിയുന്നു.
4അവാച്യവും ഉച്ചരിച്ചുകൂടാത്തതുമായ കാര്യ
ങ്ങൾ അയാൾ കേട്ടു. 5ആ മനുഷ്യനെക്കുറിച്ചു
ഞാൻ അഭിമാനിക്കും; എന്നെക്കുറിച്ചോ, എ
ന്റെ ബലഹീനതകളുടെ കാര്യത്തിലല്ലാതെ
ഞാൻ അഭിമാനിക്കുകയില്ല. 6പ്രശംസിക്കണ
മെന്ന് ആഗ്രഹിച്ചാൽപ്പോലും ഞാൻ ഭോഷനാ
കുകയില്ല. സത്യമായിരിക്കും ഞാൻ പറയുന്നത്.
എങ്കിലും, പ്രവർത്തിക്കുന്നതിനും പ്രസ്താവി
ക്കുന്നതിനും അപ്പുറമായി ആരും എന്നെക്കുറി
ച്ചു ചിന്തിക്കാതിരിക്കേണ്ടതിനു ഞാൻ അതിൽ
നിന്നു പിൻവാങ്ങുകയാണ്.

7അതിമഹത്തായ ഈ വെളിപാടുകളാൽ
ഞാൻ നിഗളിച്ചുപോകാതിരിക്കുവാൻ എനിക്കു
ജഡത്തിൽ ഒരു ശൂലം നല്കപ്പെട്ടിരിക്കുന്നു, എ
ന്നെ പീഡിപ്പിക്കുവാൻ സാത്താന്റെ ദൂത
നെത്തന്നേ. 8അത് എന്നിൽനിന്നു നീക്കിക്കള
യണമേ എന്നു മൂന്നുപ്രാവശ്യം ഞാൻ കർത്താ
വിനോട് അപേക്ഷിച്ചു. 9എന്നാൽ അവിടുന്ന്
എന്നോട്, "എന്റെ കൃപ നിനക്കുമതി, എന്റെ
ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു"
എന്നു പറഞ്ഞു. അതുകൊണ്ടു ക്രിസ്തുവിന്റെ
ശക്തി എന്റെമേൽ ആവസിക്കേണ്ടതിനു
ഞാൻ അധികം സന്തോഷത്തോടെ എന്റെ
ബലഹീനതകളെപ്പറ്റി പ്രശംസിക്കും. 10തന്മൂ
ലമാണ് ക്രിസ്തുവിനുവേണ്ടിയുള്ള ബലഹീ
നതകൾ, പരിഹാസങ്ങൾ, ഞെരുക്കങ്ങൾ, പീ
ഡനങ്ങൾ, വൈഷമ്യങ്ങൾ എന്നിവയിൽ ഞാൻ
ആനന്ദിക്കുന്നത്. എന്തെന്നാൽ ബലഹീനനാ
യിരിക്കുമ്പോൾത്തന്നേ ഞാൻ ശക്തനാകുന്നു.

*കൊരിന്ത്യരെപ്പറ്റി*
*പൗലൊസിനുള്ള കരുതൽ*

11ഞാൻ എന്നെത്തന്നേ ഒരു ഭോഷനാക്കി;
നിങ്ങളാണ് അതിലേക്ക് എന്നെ നയിച്ചത്.
നിങ്ങൾ എന്നെ പുകഴ്ത്തേണ്ടതായിരുന്നു;
എന്തുകൊണ്ടെന്നാൽ, ഞാൻ നിസ്സാരനെങ്കിലും
'അതിശ്രേഷ്ഠരായ' അപ്പൊസ്തലന്മാരെക്കാൾ
ഒട്ടും താഴ്ന്നവനല്ല. 12അപ്പൊസ്തലന്റെ
ലക്ഷണങ്ങളായ അത്ഭുതങ്ങളും അടയാ
ളങ്ങളും വീര്യപ്രവൃത്തികളും മഹാസഹിഷ്ണു
തയോടുകൂടി നിങ്ങളുടെ ഇടയിൽ വെളിപ്പെട്ടി
രിക്കുന്നുവല്ലോ. 13ഞാൻ നിങ്ങൾക്ക് ഒരിക്കലും
ഭാരമായിത്തീർന്നില്ല എന്നുള്ളതല്ലാതെ മറ്റു
സഭകളെക്കാൾ നിങ്ങൾക്കു ഏതു കാര്യത്തി
ലാണ് കുറവു വന്നിട്ടുള്ളത്? ഈ തെറ്റ് എന്നോ
ടു ക്ഷമിച്ചാലും!

14ഇപ്പോൾ, മൂന്നാം പ്രാവശ്യം നിങ്ങളെ സന്ദർ
ശിക്കാൻ ഞാൻ ഒരുങ്ങിയിരിക്കുകയാണ്;

ഞാൻ നിങ്ങൾക്ക് ഒരു ഭാരമാവുകയില്ല, കാ
രണം, എനിക്കു വേണ്ടതു നിങ്ങൾക്കുള്ളവ
യേയല്ല, നിങ്ങളെത്തന്നേയാണ്. അമ്മയപ്പന്മാർ
ക്കുവേണ്ടി മക്കളല്ല, മക്കൾക്കു വേണ്ടി
അമ്മയപ്പന്മാരത്രേ സമ്പാദിച്ചുവയ്ക്കേണ്ടത്.
15അതുകൊണ്ടു ഞാൻ എനിക്കുള്ളതെല്ലാം
വളരെ സന്തോഷത്തോടെ നിങ്ങൾക്കുവേണ്ടി
ചിലവാക്കുകയും ഞാൻതന്നേ നിങ്ങൾക്കായി
ചിലവായിപ്പോകയും ചെയ്യും. ഞാൻ നിങ്ങളെ
അധികമായി സ്നേഹിച്ചാൽ നിങ്ങൾ എന്നെ
അല്പമായിട്ടോ സ്നേഹിക്കുന്നത്? 16അ
തെന്തായാലും ഞാൻ നിങ്ങളെ ഭാരപ്പെടുത്തി
യില്ല; എന്നിട്ടും നിങ്ങൾ കരുതുന്നത് ഞാൻ
കൗശലക്കാരനായി നിങ്ങളെ വഞ്ചിച്ചുവെന്നോ?
17നിങ്ങളുടെ അടുക്കൽ അയച്ച ആരിൽക്കൂടെ
യെങ്കിലും ഞാൻ നിങ്ങളെ ചൂഷണം ചെയ്തി
ട്ടുണ്ടോ? 18ഞാൻ തീത്തോസിനെ അങ്ങോട്ടു
പറഞ്ഞയച്ചു, ഒരു സഹോദരനെയും അയാളോ
ടുകൂടെ അയച്ചു. തീത്തോസ് നിങ്ങളെ വഞ്ചി
ച്ചുവോ? ഞങ്ങൾ ഒരേ മനോഭാവത്തോടെ
പ്രവർത്തിക്കുകയും ഒരേ മാർഗ്ഗം പിന്തുടരു
കയുമല്ലേ ചെയ്തത്?
19ഞങ്ങൾ ഇത്രത്തോളം ഞങ്ങളെത്തന്നേ
ന്യായീകരിക്കുകയായിരുന്നുവെന്നാണോ
നിങ്ങൾ ചിന്തിച്ചുകൊണ്ടിരുന്നത്? വാസ്തവ
ത്തിൽ ക്രിസ്തുവിൽ ജീവിക്കുന്നവർ എന്ന നി
ലയിൽ ദൈവമുമ്പാകെയാണ് ഞങ്ങൾ സംസാ
രിച്ചുകൊണ്ടിരുന്നത്. പ്രിയ സ്നേഹിതരേ, അവ
യെല്ലാം നിങ്ങളുടെ ആത്മീയ പോഷണത്തിനു
വേണ്ടിയാണ്. 20ഞാൻ വരുമ്പോൾ, ഞാൻ
ഇഷ്ടപ്പെടാത്ത വിധത്തിൽ നിങ്ങളെ കാണു
കയും നിങ്ങൾക്ക് ഇഷ്ടമില്ലാത്തവിധത്തിൽ
നിങ്ങൾ എന്നെ കാണുകയും ചെയ്യുമോ എന്നു
ഭയപ്പെടുന്നു; ശണ്ഠ, ഈർഷ്യ, ക്രോധം, ഭിന്നത,
അപവാദം, ഏഷണി, അഹങ്കാരം, കലഹം എന്നി
വ ഉണ്ടായിരിക്കുമോയെന്നും എനിക്കു ആശങ്ക
യുണ്ട്.21ഞാൻ വീണ്ടും വരുമ്പോൾ എൻെറ
ദൈവം എന്നെ നിങ്ങളുടെ മുമ്പിൽ താഴ്ത്തു
മെന്നും, പാപം ചെയ്തിട്ടു തങ്ങൾ ഏർപ്പെട്ടി
രുന്ന അശുദ്ധി, ലൈംഗികാധർമ്മം, വ്യഭിചാരം
എന്നിവയെപ്പറ്റി അനുതപിക്കാത്തപലരെപ്പറ്റി
യും സങ്കടപ്പെടേണ്ടിവരുമെന്നും ഞാൻ ഭയപ്പെ
ടുന്നു.

*അവസാന മുന്നറിയിപ്പുകൾ*

13 ഇപ്പോൾ മൂന്നാംതവണയാണു ഞാൻ
നിങ്ങളെ സന്ദർശിക്കുവാൻ
പോകുന്നത്. "ഏതു കാര്യവും രണ്ടോമൂന്നോ
സാക്ഷികളുടെ മൊഴിയാൽ ഉറപ്പാക്കേണ്ട
താണ്." [a] 2ഇനി ഞാൻ അവിടെ വരുമ്പോൾ,
മുമ്പു പാപം ചെയ്തവരോടും മറ്റ് ആരോടും
വിട്ടുവീഴ്ച കാണിക്കുകയില്ല. ക്രിസ്തു എന്നി
ലൂടെ സംസാരിക്കുന്നുവെന്നതിനു നിങ്ങൾ
ആവശ്യപ്പെട്ട തെളിവായിരിക്കും അത്. 3നിങ്ങ
ളോട് ഇടപെടുന്നതിൽ ക്രിസ്തു ബലഹീനനല്ല,
നിങ്ങളുടെയിടയിൽ അവിടുന്ന് ശക്തൻതന്നേ.
4ബലഹീനതയിൽ അവിടുന്ന് ക്രൂശിക്കപ്പെട്ടു
വെങ്കിലും ദൈവശക്തിയാൽ ജീവിക്കുന്നു.
അതുപോലെ ഞങ്ങളും ക്രിസ്തുവിൽ ബലഹീ
നരെങ്കിലും നിങ്ങളെ ശുശ്രൂഷിക്കേണ്ടതിനു
ദൈവത്തിൻെറ ശക്തിയാൽ ക്രിസ്തുവിനോ
ടുകൂടെ ജീവിക്കുന്നു.
5നിങ്ങൾ വിശ്വാസത്തിൽത്തന്നെയോ എന്നു
നിങ്ങളെത്തന്നേ പരിശോധിക്കുവിൻ. നിങ്ങ
ളെത്തന്നേ ശോധന ചെയ്യുവിൻ. ഇല്ലെങ്കിൽ ഈ
പരീക്ഷയിൽ നിങ്ങൾ തോറ്റിരിക്കുന്നു. ക്രിസ്തു
യേശു നിങ്ങളിലുണ്ട് എന്നു നിങ്ങൾ അറിയുന്നി
ല്ലേ? 6ഈ പരീക്ഷയിൽ ഞങ്ങൾ തോറ്റിട്ടില്ല
എന്ന് നിങ്ങൾ മനസ്സിലാക്കുമെന്നു ഞാൻ ആശി
ക്കുന്നു. 7നിങ്ങൾ ഒരു തിന്മയും ചെയ്യാതിരി
ക്കാൻ ഞങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുന്നു.
ഞങ്ങൾ പരീക്ഷയിൽ പതറിയിട്ടില്ല എന്നു
ജനങ്ങൾ കാണണമെന്നല്ല, പിന്നെയോ
ഞങ്ങൾ പരാജിതരായി കാണപ്പെട്ടാൽപോലും
നിങ്ങൾ നന്മ ചെയ്യുന്നവരായിരിക്കണം എന്നതി
നത്രേ. 8സത്യത്തിന് അനുകൂലമായിട്ടല്ലാതെ
പ്രതികൂലമായി ഒന്നും ചെയ്യുവാൻ ഞങ്ങൾക്കു
കഴിവില്ല. 9ഞങ്ങൾ ബലഹീനരും നിങ്ങൾ
ശക്തരും ആയിരിക്കുമ്പോൾ ഞങ്ങൾ സന്തോ
ഷിക്കുന്നു; നിങ്ങൾ പരിപൂർണ്ണത പ്രാപി
ക്കുന്നതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
10കർത്താവ് എനിക്കു തന്ന അധികാരം നിങ്ങ
ളുടെ ആത്മികവർദ്ധനയ്ക്കു വേണ്ടിയു
ള്ളതാണ്. നിങ്ങളെ ഇടിച്ചുകളയുവാനല്ല,
ഞാൻ വരുമ്പോൾ ഈ അധികാരം ഉപയോഗി
ക്കുന്നതിൽ കാർക്കശ്യം വരാതിരിക്കുവാനാണ്
അകലെ ഇരുന്ന് ഈ കാര്യങ്ങൾ എഴുതുന്നത്.

*അഭിവാദനങ്ങൾ*

11ഒടുവിൽ സഹോദരരേ, നിങ്ങൾക്കു വന്ദനം.
പൂർണ്ണത ലക്ഷ്യമാക്കുവിൻ, ആശ്വസിച്ചുകൊ
ള്ളുവിൻ. ഒരേ മനസ്സുള്ളവരായി സമാധാ
നത്തിൽ ജീവിക്കുവിൻ. 12വിശുദ്ധചുംബന
ത്താൽ അന്യോന്യം അഭിവാദനം ചെയ്യുവിൻ.
13സകല വിശുദ്ധരും നിങ്ങളെ അഭിവാദനം
ചെയ്യുന്നു. 14കർത്താവായ യേശുക്രിസ്തുവി
ൻെറ കൃപയും ദൈവത്തിൻെറസ്നേഹവും
പരിശുദ്ധാത്മാവിൻെറ കൂട്ടായ്മയും നിങ്ങ
ളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

*a* 1 ആവർത്തനം 19:15